VOL NO: 04 | ISSUE 22
www.nerpatham.com
mail@nerpatham.com

2020 MAY 30 | ₹12

# നേർപഥം

വാരിക

# കോവിഡ് കാലത്തെ ചെറിയ പെരുന്നാൾ

ആരാധനയുടെ ആത്മാവുൾക്കൊണ്ട ആഘോഷമാണ് പെരുന്നാൾ. വിശ്വാസികൾക്ക് അല്ലാഹു കനിഞ്ഞരുളിയ രണ്ട് ആഘോഷങ്ങളിലൊന്നായ ചെറിയ പെരുന്നാൾ ആഹ്ലാദത്തിന്റെ സുദിനം കൂടിയാണ്. പക്ഷേ, നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരിയുടെ നടുവിലേക്കാണ് ഇപ്രാവശ്യം ഈദ് കടന്നുവരുന്നത്. പ്രവാസലോകത്തിരുന്ന് ലോക്ക്ഡൗൺ സമയത്തെ ആഘോഷത്തെ നോക്കിക്കാണുകയാണ് ലേഖകൻ.



**റമദാനിൽ എന്തു നേടി?**
**ഐക്യം: ഇസ്‌ലാമിന് പറയാനുള്ളത്**
**നിറംമങ്ങിയ പെരുന്നാളും ദുർബലമാകാത്ത വിശ്വാസവും**

## റമദാനിൽ എന്തു നേടി?

പുണ്യങ്ങളുടെ വസന്തോത്സവമായ റമദാൻ നമ്മിൽനിന്നും വിടപറഞ്ഞു. പതിവിൽ നിന്ന് വിപരീതമായി, പകിട്ടുകളില്ലാതെ കടന്നുവന്ന ഈ അതിഥി അതേരൂപത്തിൽ തന്നെ തിരിച്ചുപോകുമ്പോൾ നമുക്ക് നേടാൻ കഴിഞ്ഞതിനെക്കുറിച്ചൊരു ആത്മവിചാരണ നടത്തുന്നത് നന്നായിരിക്കും. റമദാനിനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയവരിൽ ഉൾപ്പെട്ടുവോ നാം?

# രജിസ്ട്രേഷൻ പുനരാരംഭിച്ചു

School Of Qur'an

"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ-വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര-കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

നേർപഥം വാരിക / 0176 / 2020 മെയ് 30 / 1441 ശവ്വാൽ 07 / പുസ്തകം 04 / ലക്കം 22

# നേർപഥം
വാരിക



# കോവിഡ് കാലത്തെ ചെറിയ പെരുന്നാൾ

നബീൽ പയ്യോളി / 10


**മുഖമൊഴി**

നിറംമങ്ങിയ പെരുന്നാളും ദുർബലമാകാത്ത വിശ്വാസവും / 05

**വിവർത്തനം**

വിശുദ്ധ ക്വുർആൻ നമ്മെ സ്വാധീനിക്കുന്നുണ്ടോ? / 29
ബുസൈന മഖ്‌റാനി
വിവ: അർശദ് കാരക്കാട്

**ലേഖനം**

റമദാനിൽ എന്തു നേടി? / 6
അബൂമുസ്‌ലിം അൽഹികമി

ജനസംഖ്യാ മാന്ദ്യം: ഒരു ചൈനീസ് മോഡൽ / 15
ഹിലാൽ സലീം സി.പി

ഐക്യം: ഇസ്‌ലാമിന് പറയാനുള്ളത് / 21
അൽത്താഫ് അമ്മാട്ടിക്കുന്ന്

**ക്വുർആൻ പാഠം**

ക്വുർആൻ പാരായണവും പഠനവും റമദാനിനു ശേഷം? / 34
ശമീർ മദീനി


**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# എൻട്രൻസ് പരീക്ഷ: പ്രവാസി വിദ്യാർഥികളെ കൂടെ പരിഗണിക്കണം: വിസ്ഡം ഗ്ലോബൽ സ്റ്റുഡൻസ് വെബിനാർ

കോഴിക്കോട്: കോവിഡ് പ്രതിസന്ധി കഴിഞ്ഞ് അന്താരാഷ്ട്ര യാത്രാ സൗകര്യങ്ങൾ എന്ന് ആരംഭിക്കുമെന്നത് നിശ്ചയമില്ലാത്ത സാഹചര്യത്തിലാണ് വിവിധ എൻട്രൻസ് പരീക്ഷാ തിയ്യതികൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് പ്രവാസി വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമിടയിൽ കടുത്ത ആശങ്കയാണുയർത്തുന്നത്.

വിദേശ രാജ്യങ്ങളിൽ പരീക്ഷ കേന്ദ്രങ്ങൾ അനുവദിക്കുക മാത്രമാണ് നിലവിലെ സാഹചര്യത്തിൽ അഭികാമ്യമായിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ സർക്കാറിന്റെ ശ്രദ്ധ പതിയാതെ പോയത് പ്രവാസികളോടുള്ള മനോഭാവത്തിന്റെ പ്രതിഫലനമായി വിലയിരുത്തപ്പെട്ടേക്കാം. ആയിരക്കണക്കിന് വിദ്യാർഥികളുടെ ഭാവിയുടെ കാര്യത്തിൽ ഇരുൾമൂടുന്ന തീരുമാനമാണ് ഈ ദുരന്ത കാലത്ത് നാട്ടിൽ നടത്താൻ തീരുമാനിച്ച എൻട്രൻസ് പരീക്ഷകൾ. വിദേശങ്ങളിൽ പരീക്ഷാ സെന്ററുകൾ അനുവദിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. പുതിയ അധ്യയന വർഷം ക്ലാസുകൾ ആരംഭിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ പ്രവാസി സമൂഹത്തെ മറക്കരുത്. അവരെ കൂടി പരിഗണിച്ചു കൊണ്ടുള്ള തീരുമാനം മാത്രമേ ഇനി ഉണ്ടാവുകയുള്ളൂവെന്ന് ഉറപ്പ് വരുത്തണം. അന്യദേശ മലയാളികൾ അന്യരല്ലെന്ന് ലോകത്തോട് വിളിച്ചു പറയുന്ന നടപടികളാണ് കേരള സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടത്. അത് ഒട്ടും വൈകുകയും ചെയ്യരുതെന്ന് യോഗം ചൂണ്ടിക്കാട്ടി..

ഗ്ലോബൽ സ്റ്റുഡന്റ്സ് വെബിനാർ അന്താരാഷ്ട്ര വിദ്യാഭ്യാസ വിചക്ഷണൻ ഗബ്രിയേൽ കെറസ്റ്റസ് അൽറൊമാനി ഉദ്ഘാടനം ചെയ്തു. നൂറുകണക്കിന് വിദ്യാർഥികൾ പങ്കെടുത്ത വെബിനാറിൽ വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ഷമീൽ അധ്യക്ഷത വഹിച്ചു.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡണ്ട് അർഷദ് അൽഹികമി, ഭാരവാഹികളായ നൂറുദ്ദീൻ സ്വലാഹി, സി.വി അസീൽ, കെ. ശഹബാസ്, വിവിധ രാജ്യങ്ങളിൽ നിന്ന് ജെയ്സൽ അശ്റഫ് ഫിൻലാന്റ്, ജിയാദ് കാനഡ, മുഹമ്മദ് ആദിൽ ഇറ്റലി, ഫുആദ് മക്ക, ജാവേദ് ആസ്ട്രേലിയ, മുഹമ്മദ് ഷഫീഖ് കുവൈറ്റ്, മുഹമ്മദ് അജ്മൽ ദമ്മാം, സക്കരിയ്യ ബിൻ നൂഹ് മദീന, ജുനൈദ് അൽഹികമി ഷാർജ, സജീൽ മൊഹിദീൻ മക്ക തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

---

## ജനസംഖ്യാവർധനവ് ഗുണകരം

ഹിലാൽ സി.പി എഴുതിയ 'ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും' എന്ന ലേഖനം വായിച്ചു. ജനസംഖ്യയുടെ ആധിക്യമാണ് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്ന സർവ പ്രശ്നങ്ങൾക്കും കാരണമെന്ന തരത്തിലാണ് സാമ്പത്തിക വിശാരദന്മാർ വിഷയമവതരിപ്പിക്കാറ്. ദരിദ്ര രാഷ്ട്രങ്ങളിലെ ജനസംഖ്യാ വർധനവ് ഇതിന് കാരണമായി അവർ എടുത്തുദ്ധരിക്കുകയും ചെയ്യാറുണ്ട്.

ഒരു കുഞ്ഞ് പിറന്നുവീഴുന്നത് മുതൽ വളർന്ന് വാർധക്യം പ്രാപിച്ച് മരണപ്പെടുന്നത് വരെ അവൻ അല്ലെങ്കിൽ അവൾ കേവലം ഭക്ഷിക്കുക മാത്രമാണ് ചെയ്യുന്നത് എന്ന മിഥ്യാധാരണയിൽ നിന്നാണ് ഇത്തരം വാദങ്ങൾ ജനിക്കുന്നത്. ഏതൊരു രാഷ്ട്രത്തിന്റെയും പുരോഗതിയും സാമ്പത്തികമായ ഉന്നമനവും ആ രാജ്യത്തെ ആശ്രയിച്ചിരിക്കും. ഇവരുടെ അറിവും കഴിവും രാഷ്ട്രപുരോഗതിക്ക് വേണ്ടി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പിക്കുക ഭരണകൂടത്തിന്റെ ലക്ഷ്യവും കടമയുമാണ്. ജോലി ചെയ്യുന്ന, ചെയ്യാൻ കഴിവുള്ളവരെ സമർഥമായി ഉപയോഗപ്പെടുത്തുന്നതിലൂടെ മാത്രമേ പുരോഗതി നേടാൻ സാധിക്കൂ. ഇതിന്റെ പ്രധാനപ്പെട്ട ചുവടുകളാണ് കാര്യക്ഷമമായ വിദ്യാഭ്യാസ സംവിധാനങ്ങളും വിദ്യ അഭ്യസിച്ചവർക്ക് ജോലി ഉറപ്പാക്കലും എന്ന നിരീക്ഷണം നൂറ് ശതമാനം ന്യായമാണ്.

വസ്തുതകളുടെ നാരായ വേര് ചികഞ്ഞുകൊണ്ടുള്ള പഠനങ്ങളാണ് കാലഘട്ടത്തിന്റെ ആവശ്യം. അതറിഞ്ഞുൾക്കൊണ്ട് കൊണ്ട് ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ ഇനിയും നേർപഥത്തിന്റെ അണിയറ ശിൽപികൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

**-റിഷാദ് എം, പിലാത്തറ**

# “നിറംമങ്ങിയ പെരുന്നാളും ദുർബലമാകാത്ത വിശ്വാസവും”

അങ്ങനെ ഹിജ്‌റ വർഷം 1441ലെ റമദാനിന് പരിസമാപ്തിയായിരിക്കുന്നു. മുസ്‌ലിംകളുടെ രണ്ട് ആഘോഷങ്ങളിൽ ഒന്നായ ശവ്വാൽ ഒന്നിലെ ഈദുൽ ഫിത്വ്ർ കടന്നുവന്നിരിക്കുന്നു. ലോക മുസ്‌ലിംകൾക്ക് ആദ്യമായിട്ടായിരിക്കും ഇങ്ങനെയൊരു നോമ്പും പെരുന്നാളും. പള്ളിയിൽ ജുമുഅ, ജമാഅത്തുകളും തറാവീഹ് നമസ്‌കാരവും നടക്കാത്ത നോമ്പുകാലവും, പെരുന്നാൾ നമസ്‌കാരം വീട്ടിൽവച്ച് നടത്തേണ്ടിവരുന്ന ഈദുൽ ഫിത്വ്‌റും ജീവിതത്തിൽ ആരാണ് പ്രതീക്ഷിച്ചിരുന്നത്?

പ്രപഞ്ചത്തെയും അതിലുള്ള സകലതിനെയും സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സർവശക്തനായ അല്ലാഹുവിന്റെ തീരുമാനം അലംഘനീയമാണ്. നമ്മൾ പ്രതീക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ കാര്യങ്ങളെല്ലാം നടക്കണമെങ്കിൽ നാമായിരിക്കണം എല്ലാം നിയന്ത്രിക്കുന്നത്. എന്നാൽ കാര്യം അങ്ങനെയല്ലല്ലോ. സ്രഷ്ടാവിന്റെ തീരുമാനങ്ങൾക്കു മുമ്പിൽ കീഴടങ്ങുകയും അവയെ സർവാത്മനാ അംഗീകരിക്കുകയുമല്ലാതെ നമ്മുടെ മുമ്പിൽ മാർഗമൊന്നുമില്ല. അതിനാണ് നാം കൽപിക്കപ്പെട്ടിരിക്കുന്നതും.

കോവിഡിന്റെയും തൽഫലമായി പ്രഖ്യാപിക്കപ്പെട്ട ലോക്ക് ഡൗണിന്റെയും കാരണത്താൽ പള്ളിയിൽ പോക്കും ജുമുഅ, ജമാഅത്തുകളും മുടങ്ങി എന്നത് ശരിയാണ്. എന്നാൽ ഒരു മുസ്‌ലിമിന്റെ വിശ്വാസത്തെയും കർമങ്ങളെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ? വിശ്വാസം ചോർന്നുപോകുവാൻ കാരണമായിട്ടുണ്ടോ? ഒരിക്കലുമില്ല! വെള്ളിയാഴ്ച ജുമുഅ മുടങ്ങി. അനിവാര്യമായ കാരണങ്ങളാൽ ജുമുഅ നിറുത്തിവെക്കേണ്ടിവന്നാൽ അങ്ങനെ ചെയ്യുക എന്നത് മതത്തിന്റെ അനുശാസനയാണ്. അഞ്ചു സമയത്തെ നിർബന്ധ നമസ്‌കാരങ്ങൾ മുടങ്ങിയിട്ടില്ല; പള്ളിയിൽ വെച്ച് സംഘടിതമായി ചെയ്യുന്നത് തൽക്കാലം ഇല്ലാതായി എന്നു മാത്രം. ഇസ്‌ലാമിന്റെ പ്രായോഗികതയും കാലാതിവർത്തിത്വവുമാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

ഒരു സൽകർമം ചെയ്യുവാൻ തീരുമാനിക്കുകയോ ആഗ്രഹിക്കുകയോ ചെയ്ത ഒരാൾക്ക് വ്യക്തമായ കാരണത്താൽ അത് ചെയ്യാൻ സാധിക്കാതെ വന്നാൽ അയാൾക്ക് അത് ചെയ്തതിന്റെ പ്രതിഫലം ലഭിക്കും എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അപ്പോൾ ഈ കോവിഡ് കാലത്ത് ചെയ്യാൻ സാധിക്കാതെ വന്നതിനും പ്രതിഫലം ലഭിക്കും; അത് ചെയ്യാനുള്ള ആഗ്രഹം ഉള്ളിലുണ്ടായിരുന്നവർക്ക്. ചെയ്യാൻ സാധിക്കാതിരുന്നത് സാഹചര്യം അനുകൂലമല്ലാത്തതിനാലാണ്.

ധൂർത്തിന്റെ അകമ്പടിയില്ലാതെ, മിതത്വത്തിൽ അധിഷ്ഠിതമായ ഒരു റമദാൻ അവസാനിച്ചു എന്നത് വലിയ കാര്യം തന്നെയാണ്. നമുക്ക് അതിനു സാധിക്കും എന്ന് വ്യക്തം. പെരുന്നാൾ നമസ്‌കാരം പള്ളികളിലോ ഈദ്ഗാഹുകളിലോ ഇല്ലാത്തതും കുടുംബ സന്ദർശനമടക്കമുള്ള കാര്യങ്ങൾക്ക് അനുകൂല സാഹചര്യമില്ലാത്തതിനാലും പെരുന്നാളിനും നിറംമങ്ങിയിട്ടുണ്ട്. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ഒരു സത്യവിശ്വാസിയുടെ വിശ്വാസത്തിന്റെ നിറം മങ്ങിക്കൂടാ. ഈമാൻ ദുർബലമാകാൻ ഇതൊന്നും കാരണമായിക്കൂടാ. വാസ്തവത്തിൽ ഈമാൻ അഥവാ വിശ്വാസം വർധിക്കുവാനുള്ള നിമിത്തങ്ങളായി മാറേണ്ടതാണ് ഇതെല്ലാം. മനുഷ്യന്റെ നിസ്സഹായതയും നിസ്സാരതയും ബോധ്യപെടുത്തിയ, ശാസ്ത്രത്തിനും മനുഷ്യൻ ആർജിച്ച അറിവിനും നോക്കുകുത്തിയായി നിൽക്കേണ്ട സാഹചര്യം സമ്മാനിച്ച കൊറോണ വൈറസ് ദൈവത്തിന്റെ അജയ്യതയും ശക്തിയും വിളിച്ചറിയിക്കുമ്പോൾ നാം വിനീത വിനയ ദാസന്മാരായി മാറുകയാണ് വേണ്ടത്. നമ്മുടെ വിശ്വാസത്തിന് കരുത്ത് വർധിക്കുകയാണ് വേണ്ടത്.

പ്രയാസത്തിന്റെ സാഹചര്യത്തിൽ വന്നെത്തിയ ഈദ് പരിമിതമായ തോതിൽ ആഘോഷിക്കാം. ആത്മാർഥമായി നാം പ്രാർഥിക്കുക; ലോകത്തെല്ലായിടത്തും കോവിഡ് പൂർണമായും ഇല്ലാതാകുവാനും പഴയ അവസ്ഥയിലേക്ക് ലോകം തിരിച്ചുപോകുവാനും വേണ്ടി. എല്ലാ വായനക്കാർക്കും ‘നേർപഥ’ത്തിന്റെ ഈദുൽ ഫിത്വ്ർ ആശംസകൾ.

അബൂമുസ്‌ലിം അൽഹികമി
safeerac@gmail.com



# റമദാനിൽ എന്തു നേടി?

പുണ്യങ്ങളുടെ വസന്തോത്സവമായ റമദാൻ നമ്മിൽനിന്നും വിടപറഞ്ഞു. പതിവിൽ നിന്ന് വിപരീതമായി, പകിട്ടുകളില്ലാതെ കടന്നുവന്ന ഈ അതിഥി അതേരൂപത്തിൽ തന്നെ തിരിച്ചുപോകുമ്പോൾ നമുക്ക് നേടാൻ കഴിഞ്ഞതിനെക്കുറിച്ചൊരു ആത്മവിചാരണ നടത്തുന്നത് നന്നായിരിക്കും.

ഇന്നലെകളിൽ ജീവിതത്തിലുണ്ടായ പുഴുക്കുത്തുകളിൽനിന്നും മനസ്സിനെയും ശരീരത്തെയും ശുദ്ധീകരിക്കാനുള്ള അവസരമായിരുന്നു റമദാൻ. പറഞ്ഞുതീർത്ത വാക്കുകളും ചെയ്തുകഴിഞ്ഞ പ്രവർത്തനങ്ങളും നരകം വിലയ്ക്കുവാങ്ങുന്നതായിരുന്നെങ്കിൽ അവ തിരുത്താനുള്ള മഹത്തായ അവസരം. നാം ഈ അവസരം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നതാണ് പ്രധാനം.

പ്രവാചകൻﷺ പറഞ്ഞു: "വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും റമദാനിൽ നോമ്പെടുത്താൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം).

"വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും റമദാനിൽ രാത്രി നമസ്കരിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം).

"അല്ലാഹുവിന് റമദാനിലെ എല്ലാ രാത്രിയിലും നരകത്തിൽനിന്നും മോചിപ്പിക്കുന്ന ചിലരുണ്ട്" (തിർമിദി).

ഈ കൂട്ടത്തിൽ നാം ഉൾപ്പെട്ടിട്ടുണ്ടാകുമോ? പുറത്തിറങ്ങാൻ കഴിയാത്തവിധം വീടകങ്ങളിൽ ഒതുക്കപ്പെട്ട നാം നേടിയെടുത്ത വിഭവങ്ങൾ എന്തായിരുന്നു?

തിരിച്ചറിവ് അനിവാര്യമാണ്. അടഞ്ഞ പള്ളികളും ശബ്ദം നിലച്ച മിമ്പറുകളും നമ്മുടെ മനസ്സിനോട് ചിലതൊക്കെ പറയുന്നില്ലേ?

വിജയത്തിലേക്ക് ക്ഷണിച്ചുകൊണ്ട് അഞ്ചുനേരങ്ങളിൽ ഉയർന്നിരുന്ന ബാങ്കോലികൾ ഇന്നും ഉയരുന്നുണ്ട്. മുമ്പ് ഉത്തരം കൊടുക്കാതിരുന്നത് മനസ്സ് സമ്മതിക്കാതിരുന്നിട്ടായിരുന്നെങ്കിൽ ഇന്ന് മനസ്സ് കൊതിച്ചിട്ടും സാഹചര്യം സമ്മതിക്കുന്നില്ല. മിമ്പറുകളിലുയർന്ന ഉപദേശങ്ങൾക്കായിരുന്നില്ല പ്രശ്നം, അവ സ്വീകരിക്കാനുള്ള നമ്മുടെ മനസ്സിനായിരുന്നു. ഇന്ന് ആ മിമ്പറുകളൊന്ന് ചലിച്ചു കാണാൻ ഹൃദയം കൊതിക്കുമ്പോഴും സാധ്യമാകാത്തത് മനസ്സിനെ വേദനിപ്പിക്കുന്നില്ലേ?

സമയം അവസാനിച്ചിട്ടില്ല; പശ്ചാത്താപത്തിന്റെ വാതിലുകൾ സൂര്യൻ പടിഞ്ഞാറുദിക്കും വരെ മലർക്കെ തുറന്നിരിക്കും. എന്നാൽ നമ്മുടെ ആയുസ്സ് എപ്പോൾ അവസാനിക്കുമെന്ന് നമുക്കറിയില്ല. മരണത്തെ മുന്നിൽ കാണുമ്പോഴുള്ള പശ്ചാത്താപം കൊണ്ട് കാര്യമുണ്ടാകില്ല.

പള്ളികളുടെ വാതിലുകൾ മാത്രമെ അടഞ്ഞിട്ടുള്ളൂ, വാനലോകത്തിന്റെ വാതിലുകൾ ഇന്നും മലർക്കെ തുറന്നിരിക്കുകയാണ്. റമദാൻ കഴിഞ്ഞെങ്കിലും ഇനിയുള്ള സമയം ഉപയോഗിക്കാനാവണം. മനമറിഞ്ഞുള്ള തേട്ടങ്ങൾക്ക് നാം സമയം കണ്ടെത്തണം.

കഴിഞ്ഞ റമദാനിൽ കൂടെയുണ്ടായിരുന്ന പലരും, ഈ റമദാൻ കടന്നുവന്നപ്പോൾ ജീവിച്ചിരുന്ന ചിലരും ഇന്ന് ആറടി മണ്ണിന്നടിയിലാണ്. കുടുംബക്കാർക്ക് പോലും കാണാൻ കഴിയാത്ത വിധം ഈ കൊറോണക്കാലത്ത് മണ്ണിലേക്കിറക്കപ്പെട്ടവർ അനവധിയാണ്. നമ്മുടെ ഊഴം എന്നായിരിക്കും? അതിന് മുമ്പ് ലോകൈക നാഥനോട് ചില തുറന്നുപറച്ചിലുകൾ അനിവാര്യമല്ലേ? വീടകങ്ങൾ പള്ളികളായി മാറട്ടെ. ഓരോ ദിനരാത്രവും ആരാധനകളാൽ സജീവമാകട്ടെ.

നബിﷺ പറഞ്ഞു: "ഒരു റമദാൻ കടന്നു വന്നിട്ടും പാപങ്ങൾ പൊറുക്കപ്പെടാത്തവൻ നശിക്കട്ടെ."

റമദാനിൽ പാപമോചനം ലഭിക്കാത്തവർക്കെതിരായി പ്രാർഥിച്ച മറ്റൊരാൾ മലക്കുകളുടെ നേതാവ് ജിബ്‌രീൽ(അ) ആണ്. തള്ളപ്പെടാത്ത രണ്ടു പ്രാർഥനകൾ! അതിൽ ഉൾപ്പെടുമോ ഇല്ലേ എന്ന് സ്വയം വിലയിരുത്താൻ നമുക്കാവണം.

ചെയ്തുകൂട്ടിയ പാപങ്ങളുടെ ആധിക്യത്താൽ അവ മായ്ക്കപ്പെടില്ല എന്ന ചിന്ത നമ്മെ ഭയപ്പെടുത്തേണ്ടതില്ല. പാപമോചനത്തിനായി തേടിക്കൊണ്ടിരിക്കുക. പാപമോചന തേട്ടം വർധിപ്പിച്ചാൽ നമുക്ക് നേട്ടങ്ങൾ മാത്രമെ ലഭിക്കുകയുള്ളൂ. ചില സന്തോഷ വാർത്തകൾ കാണുക:

*1. പാപമോചനം നടത്തുന്നവർക്ക് അവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തു നൽകുന്നതാണ്:*

"ആരെങ്കിലും വല്ല തിന്മയും ചെയ്യുകയോ സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്" (ക്വുർആൻ 4:110).





*2. പാപമോചനം നടത്തുക എന്നത് അല്ലാഹു കൽപിച്ച കാര്യമാണ്:*

“നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ നിർണിതമായ ഒരു അവധിവരെ അവൻ നിങ്ങൾക്ക് നല്ല സൗഖ്യമനുഭവിപ്പിക്കുകയും ഉദാരമനസ്ഥിതിയുള്ള എല്ലാവർക്കും തങ്ങളുടെ ഉദാരതയ്ക്കുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. നിങ്ങൾ തിരിഞ്ഞുകളയുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളുടെ മേൽ ഞാൻ നിശ്ചയമായും ഭയപ്പെടുന്നു” (ക്വുർആൻ 11:3).

*3. പാപമോചനം നടത്തുന്നവരെ അല്ലാഹു പുകഴ്ത്തിയിരിക്കുന്നു:*

“ക്ഷമ കൈക്കൊള്ളുന്നവരും സത്യം പാലിക്കുന്നവരും ഭക്തിയുള്ളവരും ചെലവഴിക്കുന്നവരും രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു അവർ (അല്ലാഹുവിന്റെ ദാസൻമാർ)”(ക്വുർആൻ 3:17).

*4. പാപമോചന പ്രാർഥന നടത്തൽ സൂക്ഷ്മത കാണിക്കുന്നവരുടെ വിശേഷണമാണ്:*

“നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും കോപം ഒതുക്കിവെക്കുകയും മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു. വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ” (ക്വുർആൻ 3:133-136).

*5. പാപമോചനം നന്മയും അനുഗ്രഹങ്ങളും വർധിപ്പിക്കും, പ്രയാസങ്ങളെ തടയും:*

“...നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും” (ക്വുർആൻ 71:10-12).

*6. അല്ലാഹുവിന്റെ കാരുണ്യം ലഭിക്കാനുള്ള മാനദണ്ഡമാണത്:*

“അദ്ദേഹം (സ്വാലിഹ് നബി) പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ എന്തിനാണ് നന്മയെക്കാൾ മുമ്പായി തിന്മയ്ക്ക് തിടുക്കം കൂട്ടുന്നത്? നിങ്ങൾക്ക് അല്ലാഹുവോട് പാപമോചനം തേടിക്കൂടേ? എങ്കിൽ നിങ്ങൾക്കു കാരുണ്യം നൽകപ്പെട്ടേക്കാം” (ക്വുർആൻ 27:46).

*7. ശിക്ഷകളെ തടുക്കുന്ന കവചമാണ്:* “എന്നാൽ നീ അവർക്കിടയിൽ ഉണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല. അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നതല്ല” (ക്വുർആൻ 8:33).

*8. പ്രവാചകന്മാരുടെ ചര്യയാണത്.* ആദം(عليه السلام), നൂഹ്(عليه السلام), മൂസാ(عليه السلام), ശുഐബ്(عليه السلام), സ്വാലിഹ്(عليه السلام) എന്നീ പ്രവാചകന്മാരുടെ പ്രത്യേകതയായി അല്ലാഹു പാപമോചന പ്രാർഥനയെ എടുത്തു പറഞ്ഞിട്ടുണ്ട്.

“അവർ രണ്ടുപേരും (ആദമും ഹവ്വയും) പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് ത

ന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണകാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടംപറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (ക്വുർആൻ 7:23).

"അദ്ദേഹം (നൂഹ്) പറഞ്ഞു: എൻറെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്തപക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും" (ക്വുർആൻ 11:47).

"അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (ക്വുർആൻ 28:16).

ശുഹൈബ്ﷺ തന്റെ ജനതയോട് പറഞ്ഞ കാര്യങ്ങളിൽ ഒന്ന് ഇതായിരുന്നു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ കരുണയുള്ളവനും ഏറെ സ്നേഹമുള്ളവനുമത്രെ" (ക്വുർആൻ 11:90).

*9. പാപമോചനം മുഹമ്മദ് നബിﷺയുടെ ദിനചര്യയായിരുന്നു.* അദ്ദേഹം ദിനേന നൂറിൽ പരം തവണ പാപമോചനത്തിനായി തേടിയിരുന്നു.

അബൂഹുറയ്റ(റ)യിൽ നിന്ന്, നബിﷺ പറഞ്ഞു: "നിശ്ചയം, ഞാൻ ദിനേന നൂറ് തവണ അല്ലാഹുവിനോട് പാപമോചനം തേടാറുണ്ട്" (ബുഖാരി)

എഴുപതിൽ പരം തവണ പാപമോചനം തേടാറുണ്ട് എന്ന് മറ്റു ചില ഹദീഥുകളിൽ വന്നിട്ടുണ്ട്.

*10. പാപമോചനക്കാർക്ക് സ്വർഗം കൊണ്ട് നബിﷺ സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു:*

അബ്ദുല്ലാഹിബ്നു ബുസ്റി(റ)ൽ നിന്ന്, നബി ﷺ പറഞ്ഞു: "തന്റെ ഏടിൽ ധാരാളം പാപമോചനം കണ്ടെത്തിയവന് തൂബാ" (ഇബ്നുമാജ).

'തൂബാ' എന്ന പദത്തിന് സ്വർഗത്തിലെ ഒരു മരം എന്നും, മംഗളം എന്നും പണ്ഡിതന്മാർ അർഥം നൽകിയതായി കാണാൻ കഴിയും

11. പാപമോചനം നന്മയുടെ ഏട് നിറക്കും (സ്വഹീഹുൽ ജാമിഅ്).

പാപമോചന തേട്ടം നടത്തുന്നവനുള്ള മേന്മകൾ ഇവിടെ അവസാനിക്കുന്നില്ല, അൽപം ചിലത് സൂചിപ്പിച്ചുവെന്ന് മാത്രം. കരുണാമയനായ അല്ലാഹുവിന്റെ ഖജനാവിൽ അവനിലേക്കടുക്കുന്നവർക്ക് നൽകാനായി അനൽപമല്ലാത്തത് ഒരുക്കിയിരിപ്പുണ്ട്.

ഗതകാലജീവിതത്തിൽ ഹൃദയത്തിൽ അള്ളിപ്പിടിച്ച പാപക്കറകൾ നിശ്ശേഷം തുടച്ചുനീക്കാൻ റമദാനിന്റെ ശിഷ്ട ജീവിതത്തിൽ നാം സമയം കണ്ടെത്തണം. എന്നും രാവിന്റെ മൂന്നിലൊന്നിൽ ലോകൈക നാഥൻ നമുക്ക് വേണ്ടി മാത്രം ഒന്നാനാകാശത്തേക്ക് ഇറങ്ങി വരുന്നുണ്ട്; ചോദിക്കുന്നതെല്ലാം നൽകാൻ, പാപങ്ങൾ പൊറുത്തുതരാൻ, പ്രാർഥനകൾക്ക് ഉത്തരമേകാൻ. കരഞ്ഞു കലങ്ങിയ കണ്ണുകളും നീട്ടിപ്പിടിച്ച കരങ്ങളുമായി അവനിലേക്കടുക്കാൻ നമുക്ക് സാധിക്കണം.

പാപമോചനത്തിന് തേടാൻ തയ്യാറാകുന്നവർക്ക് സന്തോഷവർത്തയായി പ്രവാചകന്റെ ഒരു വചനം കൂടി ഓർമിപ്പിക്കുന്നു:

"അല്ലാഹു പറഞ്ഞിരിക്കുന്നു: 'ഓ എന്റെ അടിമേ, എന്നോട് ചോദിച്ചാൽ നൽകുന്നതിൽ എനിക്ക് യാതൊരു തടസ്സവുമില്ല. ആകാശംമുട്ടെ നീ പാപങ്ങൾ ചെയ്താലും എന്നോട് പാപമോചനം തേടിയാൽ ഞാൻ പൊറുത്തു തരുന്നതാണ്. ഭൂമി നിറയെ നിന്റെ പാപങ്ങളുണ്ടായാലും എന്നിൽ പങ്കുചേർക്കാത്ത വിധം എന്നെ സമീപിച്ചാൽ ഞാൻ അവ പൊറുത്തു നൽകുന്നതാണ്'" (തിർമിദി).





നബീൽ പയ്യോളി
nabeelpayyoly@gmail.com

കവർ സ്റ്റോറി

# കോവിഡ് കാലത്തെ ചെറിയ പെരുന്നാൾ

**ആരാധനയുടെ ആത്മാവുൾക്കൊണ്ട ആഘോഷമാണ് പെരുന്നാൾ. വിശ്വാസികൾക്ക് അല്ലാഹു കനിഞ്ഞരുളിയ രണ്ട് ആഘോഷങ്ങളിലൊന്നായ ചെറിയ പെരുന്നാൾ ആഹ്ലാദത്തിന്റെ സുദിനം കൂടിയാണ്. പക്ഷേ, നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരിയുടെ നടുവിലേക്കാണ് ഇപ്രാവശ്യം ഈദ് കടന്നുവരുന്നത്. പ്രവാസലോകത്തിരുന്ന് ലോക്ക്ഡൗൺ സമയത്തെ ആഘോഷത്തെ നോക്കിക്കാണുകയാണ് ലേഖകൻ.**

ഒരുമാസക്കാലത്തെ വ്രതാനുഷ്ഠാനത്തിന് പരിസമാപ്തിയാവുകയാണ്. മാനത്ത് ശവ്വാലമ്പിളി പിറക്കുന്നതോടെ വിശ്വാസികളുടെ മനസ്സിൽ സന്തോഷത്തിന്റെ പൂത്തിരി കത്തുന്നു. തന്നെ സൃഷ്ടിച്ച നാഥന്റെ കൽപന ശിരസ്സാവഹിച്ച് ഒരു മാസം പകൽസമയം അന്നപാനീയങ്ങൾ ഉപേക്ഷിച്ച ദിനങ്ങൾ. ലോകർക്ക് മാർഗദർശനമായി അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനിന്റെ അർഥതലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പഠനവും പാരായണവും നടത്താൻ വിശ്വാസികൾ കൂടുതൽ സമയം കണ്ടെത്തി. മതാധ്യാപനങ്ങൾക്ക് കാതോർക്കാൻ കൂടുതൽ സമയം നീക്കിവെച്ചു. നമസ്കാരവും പ്രാർഥനയും അടക്കം ആരാധനാനിർഭരമായ രാപകലുകൾ. ഏതൊരു വിശ്വാസിയെ സംബന്ധിച്ചേടത്തോളവും മനസ്സിന് സന്തോഷവും സമാധാനവും നൽകുന്ന നാളുകളാണ് റമദാൻ.

എന്നാൽ പതിവിൽ നിന്നും വ്യസ്ത്യസ്തമായിരുന്നു കോവിഡ് കാലത്തെ റമദാൻ. കൊറോണയെ പ്രതിരോധിക്കാൻ സാമൂഹിക അകലം പാലിക്കാൻ ആരോഗ്യ വിദഗ്ദർ നിർദ്ദേശിച്ചതിന്റെ പശ്ചാത്തലത്തിൽ മിക്ക രാജ്യങ്ങളും ലോക് ഡൗൺ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാർച്ച് 24 മുതൽ 21 ദിവസത്തേക്കായിരുന്നു ആദ്യ ലോക് ഡൗണ്. പിന്നീടത് മെയ് 3 വരെയും മെയ് 17 വരെയും അവസാനമായി മെയ് 31 വരെയും നീട്ടുകയായിരുന്നു. ലോക് ഡൗൺകാലത്തെ റമദാൻ ഇന്ന് ജീവിച്ചിരിക്കുന്ന മുഴുവൻ വിശ്വാസികൾക്കും പുതിയ അനുഭവമായിരുന്നു. പതിവിൽ നിന്നും വ്യത്യസ്തമായി തങ്ങളുടെ വീടുകളിൽ ഒതുങ്ങിക്കൂടിയ റമദാൻ, ജമാഅത്ത് നമസ്കാരങ്ങളും തറാവീഹും ഇഫ്താറും അടക്കം വിശ്വാസികൾ പള്ളികളിൽ സജീവമായി ഉണ്ടാകേണ്ട ദിനങ്ങൾ... എന്നാൽ എല്ലാം വീടിന്റെ അകത്തളങ്ങളിലേക്ക് ചുരുക്കപ്പെട്ട നാളുകൾ എന്നത് നമ്മെയെല്ലാം അൽപം വേദനിപ്പിച്ചു എങ്കിലും ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരിയെ നേരിടുന്നതിൽ വിശ്വാസീ സമൂഹം മാതൃകാപരമായ പങ്ക് നിർവഹിക്കുകയായിരുന്നു. ഒരിക്കലും നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരില്ലെന്ന് വിചാരിച്ച സാഹചര്യത്തിൽ ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ തന്നെ വിശ്വാസികൾ തങ്ങളുടെ ആരാധനകൾ നിർവഹിച്ചു ബാധ്യതകൾ നിറവേറ്റി. വീടെന്ന വലിയ ലോകത്തെ സൂക്ഷ്മമായി അറിയാനും കുടുംബവുമൊത്ത് ധാരാളം സമയം ചെലവഴിക്കാനും തിരക്കിട്ട ജീവിതപ്പാച്ചിലുകൾക്ക് സഡൻബ്രേക്ക് സമ്മാനിച്ച കോവിഡ് അവസരമൊരുക്കി. ഭാര്യാ ഭർത്താക്കന്മാരും മാതാപിതാക്കളും മക്കളും എല്ലാം നിനച്ചിരിക്കാതെ കിട്ടിയ ഈ സുവർണാവസരത്തെ ഫലപ്രദമായി വിനിയോഗിക്കാൻ തയ്യാറായി എന്നതാവണം വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ നാളുകളിലെ നല്ല ഓർമകൾ. മതപരമായ ഉണർത്തലുകൾ ഓൺലൈൻ ആയി നിരന്തരം ലഭ്യമായി. കുടുംബത്തിന്റെ മതപരമായ ആചാര അനുഷ്ഠാനങ്ങളുടെയും അറിവിന്റെയും യഥാർഥ അവസ്ഥ മനസ്സിലാക്കാനും അവിടെയെല്ലാം ഇടപെട്ട് അവയെല്ലാം കൂടുതൽ സജീവവും ഫലപ്രദവും ആക്കാനും കുടുബം ഒന്നിച്ചു പരിശ്രമിച്ച നാളുകളാണ് നമ്മിൽ നിന്നും കടന്നുപോകുന്നത്. മക്കൾക്ക് മാതാപിതാക്കളെ പരിചരിക്കാനും അവരോടുള്ള ബാധ്യതകൾ നിറവേറ്റാനും ഭാര്യാഭർത്താക്കന്മാർക്ക് പരസ്പരം അടുത്തറിയാനും കടമകൾ നിർവഹിക്കാനും കഴിഞ്ഞു. മക്കളുമായി നല്ല ആത്മബന്ധം സ്ഥാപിക്കാനും തങ്ങളുടെ ബാധ്യതകൾ നിർവഹിക്കാനും മാതാപിതാക്കൾക്ക് ലോക്ക്ഡൗൺ അവസരമായിരുന്നു. അതിലെല്ലാം ഉപരിവീട്ടിലെ ജമാഅത്ത് നമസ്കാരങ്ങളും ക്വുർആൻ പഠനവും ഓൺലൈൻ മത പഠന സംരംഭങ്ങളിൽ കുടുംബസമേതം പങ്കെടുക്കാനും ഇസ്‌ലാമിക അധ്യാപനങ്ങൾ ചർച്ചചെയ്യാനും ഒക്കെ ഈ ദിനങ്ങൾ വിശ്വാസീ സമൂഹത്തിന് അവസരങ്ങൾ നൽകി. ഫലപ്രദമായി ഉപയോഗിച്ചവർക്ക് ഈ ദിനങ്ങൾ ഒരുപക്ഷെ ഒരിക്കലും തിരിച്ചുകിട്ടാത്ത അപൂർവ അവസരമായിരുന്നു. സ്വന്തത്തെയും കുടുംബത്തെയും തിരിച്ചറിയാനും കുടുംബത്തെ നരകാഗ്നിയിൽ നിന്നും രക്ഷിക്കാൻ ആവശ്യമായ അറിവുകളും ഇടപെടലുകളും നിർവഹിക്കാനും അവസരം ലഭിച്ചതിന് അല്ലാഹുവിനോട് ഹൃദയം നിറഞ്ഞ് നന്ദി രേഖപ്പെടുത്താനും അവർക്ക് സാധിക്കും. കാരുണ്യത്തിന്റെ മാസമായ റമദാനിൽ ഈ പ്രതിസന്ധിയിൽ പ്രയാസപ്പെടുന്നവരെ സഹായിക്കാൻ ഇഫ്താർ കിറ്റുകളും പെരുന്നാൾ കിറ്റുകളും ദാനധർമങ്ങളും വഴി വിശ്വാസികൾ ആശ്വാസത്തിന്റെ തണൽ വിരിക്കാൻ സശ്രദ്ധം ഇടപെട്ടു എന്നതും സന്തോഷകരമാണ്. ആത്മാഭിമാനം ഓർത്ത് തങ്ങളുടെ വിഷമതകൾ പുറത്ത് പറയാതെ ദുഃഖങ്ങൾ ഉള്ളിലൊതുക്കി കഴിഞ്ഞവരെ കണ്ടറിഞ്ഞ് സഹായിക്കാനും അവർക്ക് ആശ്വാസം നൽകാനും വിശ്വാസികൾ ജാഗ്രത പുലർത്തി. നോമ്പിൽ വന്ന പോരായ്മകൾ നികത്താൻ ഫിത്വ്ർ സകാത്ത് എന്ന നിർബന്ധദാനം നൽകി ആരും പെരുന്നാൾ ദിവസം പട്ടിണി കിടക്കുന്നില്ല എന്നുറപ്പിക്കാനും ഓരോരുത്തരും ശ്രദ്ധിച്ചു.


അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും മലയാളികൾ നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആണ് നാം ഉള്ളത്. ലക്ഷക്കണക്കിന് സഹോദരങ്ങൾ വരും നാളുകളിൽ നാടണയും. ഏതാനും ദിവസങ്ങളായി രോഗികളുടെ എണ്ണം കൂടുന്നു എന്നത് ഭീതിപ്പെടേണ്ട കാര്യമല്ല. അതീവ ജാഗ്രത വേണ്ട ഘട്ടത്തിലൂടെയാണ് നാം



കടന്നുപോകുന്നത് എന്ന് മുഖ്യമന്ത്രിയും ആരോഗ്യ വിദഗ്ധരും ഓർമപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ സർക്കാരും ആരോഗ്യപ്രവർത്തകരും നൽകുന്ന നിർദേശങ്ങൾ പൂർണമായും പാലിച്ച് ഈ പ്രതിസന്ധിയെ മറികടക്കാനുള്ള പരിശ്രമങ്ങളിൽ ആത്മാർഥമായി പങ്കാളികളാവാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. രോഗവ്യാപനം ഉണ്ടാവാതെ രോഗം ബാധിച്ചവരെ ഫലപ്രദമായി ചികിത്സിച്ചു രോഗമുക്തി നേടുവാനുള്ള അവസരം ഉണ്ടാവാൻ നാം എല്ലാവരും ജാഗ്രത കാണിക്കണം. അന്യനാടുകളിൽ കുടുങ്ങിപ്പോയവർ സ്വന്തം നാടുകളിലേക്ക് തിരിച്ചു വരട്ടെ. അധികാരികളുടെ നിർദേശങ്ങൾ പാലിച്ച് മുന്നോട്ട് പോയാൽ നമുക്ക് വിജയിക്കാൻ സാധിക്കും. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ പലായനം ചെയ്യുന്ന പാവങ്ങളുടെ കണ്ണീർചിത്രങ്ങൾ ഹൃദയഭേദകമാണ്. രോഗഭീതി രാജ്യത്തിന്റെ വിവിധ കോണുകളിൽ ആശങ്കയായി നിലനിൽക്കുന്നു. മാസങ്ങൾ ആയി ജോലിയില്ലാതെ കഴിയുന്നവർ പട്ടിണിയുടെ പടിവാതിൽക്കൽ ആണ്. ഈ പ്രതിസന്ധികൾക്ക് ആശ്വാസം തേടി ആത്മാർഥമായ പ്രാർഥന നിരന്തരം നമ്മുടെ ഭാഗത്ത് നിന്നും ഉണ്ടാവണം. ഈ യാഥാർഥ്യങ്ങളെ വിസ്മരിക്കുന്നതാവരുത് നമ്മുടെ പെരുന്നാൾ ആഘോഷങ്ങൾ. ലോകർക്ക് മാതൃകയായി അവതരിച്ച പ്രവാചകന്റെ അധ്യാപനങ്ങൾ ശിരസ്സാവഹിക്കുന്ന വിശ്വാസി സമൂഹം ലോകാവസാനം വരെ അതത് സമൂഹങ്ങൾക്ക് മാതൃകയായി നിലകൊള്ളാൻ തയ്യാറാവണം. അത് നമ്മുടെ ബാധ്യതയുമാണ്.

ഈ സന്ദർഭത്തിലെ പെരുന്നാളും പുതിയ അനുഭവമാണ്. ഈദ് നമസ്കാരങ്ങൾ വീടുകളിൽ നിർവഹിക്കാൻ ഇസ്‌ലാമിക സമൂഹം ആഹ്വാനം ചെയ്തു. അത് സംബന്ധിച്ച അധ്യാപനങ്ങൾ പണ്ഡിതന്മാർ നമ്മെ ഓർമപ്പെടുത്തി. വിശ്വാസികളുടെ ആഘോഷങ്ങൾ പ്രാർഥനാനിർഭരമാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ഓർക്കാനും അവനെ വാഴ്ത്താനും ആണ് സന്തോഷവേളകൾ നാം ഉപയോഗപ്പെടുത്തേണ്ടത്. കുടുംബത്തോടൊപ്പം ഈദ് ആഘോഷിക്കാം. ഉള്ളതിൽ വെച്ച് ഏറ്റവും നല്ല വസ്ത്രം ധരിക്കണം. മാസപ്പിറവി കണ്ടത് മുതൽ നാവുകളിൽ തക്ബീർ ധ്വനികൾ മുഴങ്ങണം, കുടുംബത്തോടൊപ്പം തന്നെ. ഈദ് നമസ്കാരം നിർവഹിക്കണം. കുടുംബ സൗഹൃദബന്ധങ്ങൾ പുതുക്കാൻ ആശയ വിനിമയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തട്ടെ. റമദാനിന്റെ ദിനരാത്രങ്ങൾ സമ്മാനിച്ച നന്മയുടെ ഊർജവും വെളിച്ചവും കെടാതെ ഈ ആഘോഷവേളകളെ നമുക്ക് ധന്യമാക്കാം. ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രതിസന്ധിയുടെ നിഴലിൽ തന്നെയാണ് ഈദ് കടന്നുവരുന്നത്. കഴിഞ്ഞ രണ്ട് മാസത്തിലധികമായി പ്രവാസലോകം ഭാഗികമായോ പൂർണമായോ ലോക്ഡൗണിലാണ്. നമസ്കാരങ്ങൾ സ്വന്തം വീടുകളിൽ നിർവഹിക്കാൻ ഇസ്‌ലാമിക പണ്ഡിതന്മാർ ആഹ്വാനം നൽകി. ജമാഅത്ത് നമസ്കാരങ്ങളും തറാവീഹും വീടുകളിലാണ് എന്നത് ഈ നോമ്പുകാലത്ത് വിശ്വാസികൾക്ക് പുതിയ അനുഭവമാണ്. ഇരു ഹറമുകളിൽ മാത്രമാണ് നിയന്ത്രിതമായി ജമാഅത്ത് നമസ്കാരങ്ങൾ നടന്നത്. ഇഅ്തികാഫിനും ഈ റമദാനിൽ അവസരം ലഭിച്ചില്ല.

പ്രവാസലോകത്ത് എത്തിയത് മുതൽ ജീവിതച്ചെലവ് ഏറ്റവും കുറഞ്ഞ മാസം റമദാൻ ആയിരുന്നു എന്ന് പ്രവാസികൾ ഒരേപോലെ പറയും. കാരുണ്യത്തിന്റെ മാസത്തിൽ സഹജീവികൾക്ക് നോമ്പ് തുറക്കാനുള്ള സൗകര്യങ്ങൾ ഒരുക്കാൻ സ്വദേശികളും വിദേശികളുമായ വിശ്വാസികൾ എന്നും ആവേശം കാണിച്ചിട്ടുണ്ട്. പള്ളികളിലും പൊതു ഇടങ്ങളിലും ഒക്കെയായി ഒരുക്കപ്പെടുന്ന ഇഫ്ത്വാർ ടെന്റുകൾ റമദാൻ മാസത്തെ പ്രവാസലോകത്തെ മനോഹരമായ കാഴ്ചയാണ്. വിഭവസമൃദ്ധമായ നോമ്പ് തുറയാണ് മിക്കയിടങ്ങളിലും. ഇഫ്ത്വാറിനും അത്താഴത്തിനും ഇടയത്താഴത്തിനുമൊക്കെ ഈ നോമ്പ് തുറഭക്ഷണം മതിയാകുമായിരുന്നു. അത് ലക്ഷക്കണക്കിന് പ്രവാസികൾക്ക് വലിയ ആശ്വാസവും സഹായവുമാണ്. പുറമെയാണ് പ്രവാസി കൂട്ടായ്മകൾ ഒരുക്കുന്ന ഇഫ്ത്വാർ വിരുന്നുകൾ. ഇഫ്ത്വാർ ടെന്റുകളിൽ ഒരുക്കുന്ന ചെറിയ ഉദ്ബോധന സദസ്സുകളും ഹൃദ്യമാണ്.



പതിവിൽ നിന്നും വ്യത്യസ്തമായി സാധാരണ റമദാനിൽ രാത്രികാലങ്ങളാണ് സജീവമാവുക. അത് സ്വുബ്ഹി വരെ നീണ്ടുനിൽക്കും. കമ്പോളങ്ങളും വഴിയോരങ്ങളുമെല്ലാം രാത്രി സജീവമായി പ്രവർത്തിക്കുന്നത് റമദാൻ കാലത്തെ പ്രത്യേകതയാണ്. എന്നാൽ ഇത്തവണ ഇഫ്ത്വാർ ടെന്റുകൾ ഇഫ്ത്വാർ കിറ്റുകൾ ആയി ആവശ്യക്കാരുടെ വീടുകളിൽ എത്തി. ഉദ്ബോധനങ്ങൾ ഓൺ ലൈൻ ഇടങ്ങളിലേക്ക് മാറി. ഈ റമദാനിൽ പകലിൽ ഏതാനും മണിക്കൂറുകൾ മാത്രമാണ് പുറത്തിറങ്ങാൻ അനുവാദം ലഭിച്ചത്. കൊറോണ വ്യാപനം തീർത്ത ഭീതിയിൽ ജോലിക്കും മറ്റു പ്രധാന ആവശ്യങ്ങൾക്കും വേണ്ടി മാത്രമെ ആളുകൾ പുറത്തിറങ്ങിയുള്ളൂ. ആൾക്കൂട്ടങ്ങൾ നന്നേ കുറവായിരുന്നു. സൗഹൃദ സംഭാഷണങ്ങളും കുശലാന്വേഷണങ്ങളും വരെ നന്നേ കുറഞ്ഞു. എല്ലാവരും ഭീതിയിലാണ്. ദീർഘനാളായി തൊഴിൽ നഷ്ടപ്പെട്ടതും ഒറ്റപ്പെട്ട് തങ്ങളുടെ വാസസ്ഥലങ്ങളിൽ കഴിയേണ്ടിവന്ന ദുഃഖവും എല്ലാവർക്കുമുണ്ട്. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ആണ് ഇതിന് പകരമായി ആശ്വാസം കണ്ടെത്താൻ എല്ലാവരും ഉപയോഗിച്ചത്.

കോവിഡ് തീർത്ത പ്രതിസന്ധിയിൽ ഉലഞ്ഞവർക്ക് ആശ്വാസമായി നിരവധി പദ്ധതികൾ ഗൾഫ് രാജ്യങ്ങളിലെ സർക്കാരുകൾ പ്രഖ്യാപിച്ചു. ആരോഗ്യ പരിചരണവും ഭക്ഷണവും അടക്കം പരമാവധി ലഭ്യമാക്കാൻ ഭരണകൂടങ്ങൾ ജാഗ്രത പുലർത്തി. പ്രവാസലോകത്തെ സന്നദ്ധ സംഘടനകളും സാമൂഹിക പ്രവർത്തകരും ഈ രംഗത്ത് അശ്രാന്ത പരിശ്രമം നടത്തി എന്നത് എടുത്ത് പറയേണ്ടത് തന്നെയാണ്. നാടണയാൻ കൊതിച്ചവർക്ക് സർക്കാർ വിമാന സർവീസുകൾ ആരംഭിച്ചെങ്കിലും ഭീമമായ ടിക്കറ്റ് ചാർജ് നൽകാൻ സാധിക്കാത്തവർക്ക് സഹായവുമായി പ്രവാസലോകം മുന്നോട്ടുവന്നു. മാനുഷിക ബന്ധങ്ങളുടെയും കാരുണ്യത്തിന്റെയും നാളുകളായിരുന്നു ഇന്നലെകൾ. ഇന്നും നാളെയും അങ്ങനെ തന്നെയാണ് എന്നതും പ്രവാസികളുടെ പ്രത്യേകതയാണ്.

നോമ്പിൽ സംഭവിച്ച പോരായ്മകൾ പരിഹരിക്കാനും പാവങ്ങളുടെ വിശപ്പകറ്റാനും ഓരോ വിശ്വാസിയും നിർബന്ധമായും നൽകേണ്ട സകാത്തുൽ ഫിത്വ്ർ ശേഖരണവും വിതരണവും ഓരോ സംഘടനയുടെയും നേതൃത്വത്തിൽ നടക്കുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ചുറ്റുമുള്ള പലരും ഫിത്വ്റിന്റെ അവകാശികളായി മാറി എന്നതും ഈ വർഷത്തെ പ്രത്യേകത തന്നെയാണ്. ആയിരക്കണക്കിന് പ്രവാസി സഹോദരങ്ങൾക്ക് ഇതിന്റെ ആശ്വാസം ലഭിക്കും എന്നത് സന്തോഷദായകമാണ്.

ശവ്വാലമ്പിളി മനസ്സിൽ തീർക്കുന്ന സന്തോഷങ്ങൾ കോവിഡ് കാലത്ത് അൽപം വേദന നിറഞ്ഞതാണ്. ഗൾഫിൽ ഇതിനകം ഒന്നരലക്ഷത്തിൽ അധികം കോവിഡ് രോഗികളാണ് ഉള്ളത്. നൂറോളം മലയാളികൾ ഇതിനകം മരണപ്പെട്ടു. ഹൃദയാഘാതം മൂലം മരിച്ചവർ വേറെയും. നാട്ടുകാരും ബന്ധുക്കളും കോവിഡ് മൂലം മരിച്ചതിന്റെ ദുഃഖങ്ങൾ പ്രവാസി മനസ്സുകളിൽ നൊമ്പരമായി അവശേഷിക്കുന്നു. കൊറോണ വ്യാപനം തുടരുന്ന സാഹചര്യത്തിൽ ശക്തമായ നിയന്ത്രണങ്ങളാണ് സർക്കാരുകൾ നടപ്പിലാക്കുന്നത്. എല്ലാ രാജ്യങ്ങളിലും പൂർണമായോ ഭാഗികമായോ ലോക് ഡൗൺ നിലവിൽ ഉണ്ട്.

പുതുവസ്ത്രങ്ങൾ വാങ്ങാനും മറ്റുമുള്ള സൗകര്യങ്ങൾ ഭൂരിപക്ഷം ആളുകൾക്കും ലഭിച്ചിട്ടില്ലെന്നതും ഈ പെരുന്നാളിന്റെ പ്രത്യേകതയാണ്. നാട്ടിൽനിന്നും വ്യത്യസ്തമായി മിക്കവാറും സ്വുബ്ഹിക്ക് മുമ്പ്തന്നെ കുളിച്ചൊരുങ്ങി സൂര്യോദയത്തിന് മുമ്പായി വിശ്വാസി സമൂഹം മൈതാനങ്ങളിലും പള്ളികളിലും എത്തും. സൂര്യോദയത്തിന് ശേഷം അധികം വൈകാതെ പെരുന്നാൾ നമസ്കാരം ആരംഭിക്കും. ഈ വർഷം അങ്ങനെയൊരു ഒത്തുചേരൽ ഇല്ല. ഈദുൽ ഫിത്വ്ർ പ്രമാണിച്ച് റമദാൻ 30 മുതൽ ശവ്വാൽ നാലു വരെ മിക്ക ഗൾഫ് രാജ്യങ്ങളും സമ്പൂർണ ലോക് ഡൗൺ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈദ് നമസ്കാരങ്ങൾ വീടുകളിലാകണം എന്ന് സുഊദി ഗ്രാൻറ് മുഫ്തി അബ്ദുൾ അസീസ് ആലുശൈഖ് പറഞ്ഞു. വീടുകളിൽ പെരുന്നാൾ നമസ്കരിക്കുമ്പോൾ ഖുത്വുബ നിർവഹിക്കേണ്ടതില്ലെന്നും അദ്ദേഹം ഉണർത്തി.

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരിയുടെ മുന്നിൽ ലോകം പകച്ചുനിൽക്കുമ്പോഴാണ് പെരുന്നാൾ നമ്മെ തേടിയെത്തുന്നത്. പ്രവാസലോകത്ത് ഒറ്റപ്പെടുന്ന ബഹുഭൂരിപക്ഷം ആളുകളുടെയും ആഘോഷവേളയാണ് പെരുന്നാളുകൾ. മിക്കവാറും എല്ലാവർക്കും ഒന്നോ രണ്ടോ ദിവസം അവധി ലഭിക്കുക രണ്ട് പെരുന്നാളുകൾക്കാണ്. ഒരു വർഷത്തെ ജോലിത്തിരക്കുകൾക്കിടയിൽ ലഭിച്ച ആശ്വാസദിനത്തിൽ ഉല്ലാസയാത്ര പോകാനും കൂട്ടുകാരുമായി സൗഹൃദം പുതുക്കാനും സമയം ചെലവഴിക്കാനും ഭക്ഷണം കഴിക്കാനുമുള്ള അവസരങ്ങളാണ് പെരുന്നാൾ ദിനങ്ങൾ സമ്മാനിച്ചിരുന്നത്. വിവിധ കൂട്ടായ്മകൾ ഒരുക്കുന്ന വിനോദപരിപാടികളും ഒത്ത് ചേരലുകളും പെരുന്നാൾ അവധികളെ ധന്യമാക്കുമായിരുന്നു. അതുകൊണ്ട്തന്നെ പ്രവാസനത്തിന്റെ പ്രയാസങ്ങൾ എല്ലാം മറക്കുന്ന ദിനങ്ങളാണ് പ്രവാസിക്ക് പെരുന്നാൾ. എന്നാൽ ഇന്ന് താമസസ്ഥലത്ത് നിന്ന് പുറത്തിറങ്ങാൻ പോലും പെർമിഷൻ ഇല്ലാതെയാണ് പെരുന്നാൾ കടന്നുവരുന്നത്. പ്രവാസികളുടെ കുടുംബങ്ങളും നാട്ടിൽ ഈ പ്രതിസന്ധിയുടെ ഞെരുക്കം അനുഭവിക്കുന്നുണ്ട്. സഹജീവികളുടെ നൊമ്പരങ്ങൾക്ക് ആശ്വാസമേകാൻ ഓ

ടിനടക്കുന്ന ദിനങ്ങൾ എന്ന പുതിയ നിർവചനം ഈ പെരുന്നാൾ കാലത്തിനെ വ്യത്യസ്തമാക്കുന്നു. ജോലിയും വരുമാനമാർഗങ്ങളും നഷ്ടപ്പെട്ട് പ്രതിസന്ധിയിലായ പതിനായിരക്കണക്കിന് മലയാളികൾ അധികൃതരുടെ കനിവും കാത്ത് ഗൾഫ് രാജ്യങ്ങളിൽ ജീവിക്കുന്നുണ്ട്. നൊമ്പരങ്ങൾക്കിടയിലും സർവലോക നിയന്താവും രക്ഷിതാവുമായ അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം വിശ്വാസി സമൂഹത്തിന് നൽകുന്ന പ്രതീക്ഷയും ആശ്വാസവും തെല്ലൊന്നുമല്ല.

ഓർമകളിൽ ധാരാളം പ്രത്യേകതകൾ നിറഞ്ഞ ദിനങ്ങളാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ക്വുർആനും പ്രവാചകാധ്യാപനങ്ങളും ചരിത്ര ഗ്രന്ഥങ്ങളും നമ്മെയുണർത്തിയ ത്യാഗത്തിന്റെ കഥകളും ഇന്നലകളിലെ സംഭവങ്ങളും കേവലം വായിച്ചു തീർക്കാനുള്ള ഏടുകളല്ല, മറിച്ച് അവ നമുക്ക് പാഠമുൾക്കൊള്ളാനുള്ള അധ്യാപനങ്ങളാണ്. അവ നമ്മുടെ ജീവിതത്തിന് വെളിച്ചമാകേണ്ടതുണ്ട്.

മൂസാ നബിﷺയുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവം ക്വുർആൻ വിവിവരിക്കുന്നിടത്ത് അല്ലാഹു പറയുന്നു: "അങ്ങനെ രണ്ട് സംഘവും പരസ്പരം കണ്ടപ്പോൾ മൂസായുടെ അനുചരൻമാർ പറഞ്ഞു: തീർച്ചയായും നാം പിടിയിലകപ്പെടാൻ പോകുകയാണ്. അദ്ദേഹം (മൂസാ) പറഞ്ഞു: ഒരിക്കലുമില്ല, തീർച്ചയായും എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്, അവൻ എനിക്ക് വഴി കാണിച്ചുതരും" (ക്വുർആൻ: 26/61-62).

കഴിഞ്ഞ കാലങ്ങളെ പിടിച്ചുലച്ച മഹാമാരികളും ദുരന്തങ്ങളുമെല്ലാം പരീക്ഷണങ്ങളാണെന്നും അതിനെ മറികടക്കാൻ നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്ന നാഥനിലേക്ക് ഖേദിച്ചു മടങ്ങുകയും അവന്റെനിയമനിർദേശങ്ങൾ ശിരസ്സാവഹിച്ച് ജീവിതം ചിട്ടപ്പെടുത്തുകയും ചെയ്യുകയുമാണ് വേണ്ടതെന്നും വിശ്വാസിസമൂഹം മനസ്സിലാക്കണം. വിശ്വാസിക്ക് നേരിടുന്ന ഏതൊരു പ്രയാസവും നന്മയാണ് എന്ന ഇസ്‌ലാമിക അധ്യാപനം ഈ പ്രതിസന്ധികാലത്ത് വലിയ ആശ്വാസം നൽകുന്നു.

സുഹൈബി‍ൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "ഒരു വിശ്വാസിയുടെ കാര്യം അതിശയകരം തന്നെ. അവന്റെ എല്ലാ കാര്യങ്ങളും അവന് ഗുണമായിരിക്കും. ഒരു വിശ്വാസിക്കല്ലാതെ മറ്റൊരാൾക്കുമതുണ്ടാവില്ല. അവന് സന്തോഷമായത് ലഭിച്ചാൽ അവൻ നന്ദികാണിക്കും. അപ്പോൾ അതവന് നന്മയാകും. അവന് ദോഷകരമായത് എന്തെങ്കിലും സംഭവിച്ചാൽ അവൻ ക്ഷമിക്കും. അപ്പോൾ അതും അവന് നന്മയായിത്തീരും" (മുസ്‌ലിം).

അബൂസഈദ്, അബൂഹുറയ്റ എന്നിവരിൽ നിന്ന് നിവേദനം; നബിﷺ അരുളി: "ഒരു മുസ്‌ലിമിന് വല്ല ക്ഷീണമോ രോഗമോ ദുഖമോ അസുഖമോ ബാധിച്ചാൽ അതുവഴി അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കും. അത് അവന്റെ ശരീരത്തിൽ മുള്ള് തറക്കുന്നതായാലും ശരി" (ബുഖാരി).

അതുകൊണ്ട് തന്നെ നിരാശ ഒട്ടുമില്ലാതെയാണ് വിശ്വാസിസമൂഹം ഈ പെരുന്നാളും ആഘോഷിക്കുന്നത്. ആഘോഷങ്ങൾ അല്ലാഹുവിനെ മറക്കാനുള്ളതല്ല; മറിച്ച് അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനും അവനെ പ്രകീർത്തിക്കാനും ഉള്ളതാണ്. ആ നിലയിൽ ഈ മഹാമാരിക്കാലത്തും വ്രതാനുഷ്ഠാനത്തിനും മറ്റു ആരാധനാ കാര്യങ്ങൾക്ക് കൂടുതൽ സമയം ചെലവഴിക്കാനും പെരുന്നാൾ ദിനത്തിന് സാക്ഷിയാവാനും അനുഗ്രഹിച്ചനോട് കൂടുതൽ നന്ദി കാണിക്കാം. റമദാൻ നൽകിയ ചൈതന്യം കെടാതെ സൂക്ഷിക്കാൻ ജാഗ്രത പുലർത്തുകയും ചെയ്യാം.

"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല, അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടു കഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു" (ക്വുർആൻ 57/22).

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെന്തും അല്ലാഹുവിന്റെ തീരുമാനപ്രകാരമാണെന്ന വിശ്വാസത്തിന്റെ തണലിൽ നമുക്ക് സമാധാനത്തോടെ മുന്നോട്ട് നീങ്ങാൻ സാധിക്കും.

അബൂഹുറയ്റയിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളിൽ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക,നിങ്ങൾക്ക് മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. അതാണ് അല്ലാഹുവിന്റെ (നിങ്ങളുടെ മേലുള്ള) അനുഗ്രഹങ്ങളെ നിസ്സാരമായി കാണാതിരിക്കാൻ നിങ്ങൾക്ക് സഹായകരമായിട്ടുള്ളത്" (മുസ്‌ലിം).

ലോകം പ്രതിസന്ധയിൽ ആടിയുലയുമ്പോൾ നോമ്പനുഷ്ഠിക്കാനും വലിയ പ്രയാസങ്ങൾ ഇല്ലാതെ ജീവിക്കാനും അനുഗ്രഹിച്ചവനാണ് അല്ലാഹു. നമുക്ക് ചുറ്റുമുള്ള ആയിരങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും കണ്ണീർ കാഴ്ചകളും നമ്മുടെ മനസ്സ് തുറപ്പിക്കണം. നാഥൻ നൽകിയ അനുഗ്രഹങ്ങളെ വിസ്മരിക്കരുത്. കൂടുതൽ നന്മകളിൽ മുഴുകാൻ മനസ്സിനെ പാകപ്പെടുത്തണം.

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു"(ക്വുർആൻ 67/2).

ഹിലാൽ സലീം സി.പി
hilalsaleemcpkannur@gmail.com

ലേഖനം



# ജനസംഖ്യാ മാന്ദ്യം: ഒരു ചൈനീസ് മോഡൽ

## ജനസംഖ്യാ വിസ്ഫോടനം: സത്യവും മിഥ്യയും, ഭാഗം 2

അതിസങ്കീർണമായ സാമൂഹിക സൂത്രവാക്യങ്ങളെ ലാഘവത്തോടെ സമീപിക്കുന്നതിന്റെ ഫലം സമൂലമായ തെറ്റുധാരണകളും നഷ്ടക്കണക്കുകളുമാണ്. എന്നാൽ മേൽപറഞ്ഞ ലാഘവത്തോടെയുള്ള സമീപനത്തോടൊപ്പം തൽഫലമായി ലഭിച്ച അബദ്ധധാരണകളെ യാതൊരു സങ്കോചവുമില്ലാതെ പ്രചരിപ്പിക്കുക കൂടി ചെയ്യുന്നതോടെ സർവനാശമായിരിക്കും ഫലം. ജനപ്പെരുപ്പത്തെ സംബന്ധിച്ചുള്ള ആഗോളതലത്തിലെ ചർച്ചകൾ നമുക്ക് നൽകുന്ന പാഠമിതാണ്. സർവനാശത്തിനുതകുന്ന 'ജനസംഖ്യാ നിയന്ത്രണ' സൂത്രവാക്യം ഏറ്റുചൊല്ലുന്നത് രാഷ്ട്രത്തലവന്മാരാകുന്ന അപൂർവമായ, എന്നാൽ ഏറെ ദയനീയമായ കാഴ്ച ഗാലറിയിലിരുന്ന് വീക്ഷിക്കാൻ നിയുക്തരാണ് നാം എന്നത് വാസ്തവം.

ജനപ്പെരുപ്പത്തെ സംബന്ധിച്ച ചർച്ചകൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ജനശ്രദ്ധയാകർഷിച്ച സംവാദങ്ങളിൽ ഉൾപ്പെടുന്നതാണ്. ഗണിതലോകത്ത് 'എക്സ്പൊണൻഷ്യൽ' അഥവാ ക്രമാതീതമായുള്ള വളർച്ച എന്ന വിശേഷണത്തിന് പര്യാപ്തമായ വിധത്തിലാണ് ജനസംഖ്യ വർധിച്ചത് എന്നതാണ് ഇതിന്റെ മൂലകാരണം. മാൽത്തൂസ് തുടങ്ങിവച്ച ജനസംഖ്യാഭീതി ഏറ്റെടുക്കാൻ ഇക്കാലയളവിൽ പോൾ ഏർളിച്ച് കടന്നുവന്നതും (1968) ലോകത്തെ ഭീതിയിലാഴ്ത്തിയ ദാരിദ്ര്യത്തിന്റെ കാരണ

മായി വർത്തിക്കുന്നത് ജനസംഖ്യാ വളർച്ചയാണെന്ന പ്രചാരണവും ഇതിന്ന് ഹേതുവായി.

## മുറിവൈദ്യം ആളെക്കൊല്ലും

2013ൽ സിംഗപ്പൂർ സർക്കാർ പുറത്തിറക്കിയ 'പോപ്പുലേഷൻ വൈറ്റ് പേപ്പറി'ൽ ഗവൺമെന്റ് 6.9 മില്യൺ ജനസംഖ്യയിലേക്കുള്ള ചുവടുവയ്പ് ആരംഭിക്കുകയാണ് എന്ന് പ്രസ്താവിക്കുകയുണ്ടായി. ജനസംഖ്യ വർധിച്ചാൽ രാജ്യം പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന പൊതുബോധം നിലനിൽക്കെയാണ് ഈ പ്രഖ്യാപനം. പൗരന്മാർക്കിടയിൽ ഇത് കോലാഹലങ്ങളും അസ്വാരസ്യങ്ങളും സൃഷ്ടിച്ചു. ഏതുവരെയെന്ന് ചോദിച്ചാൽ, സിംഗപ്പൂർ നയരൂപകർത്താക്കൾ പോലും ഉയരുന്ന ജനസംഖ്യാ വളർച്ചാനിരക്കിൽ പരിഭവമറിയിച്ച് രംഗത്തെത്തി. എന്നാൽ ഇതേക്കുറിച്ച് പഠിക്കാൻ പ്രഫ. യെൻയൂ ക്വാംഗിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട വിദഗ്ധസമിതി വസ്തുനിഷ്ഠമായി വിഷയത്തെ മനസ്സിലാക്കിയ ശേഷം ജനസംഖ്യാ വർധനവിനെതിരെയുള്ള പരിഭവങ്ങൾ അസ്ഥാനത്താണ് എന്ന റിപ്പോർട്ട് സമർപ്പിച്ചു. 'സിംഗപ്പൂരിന്റെ സാമ്പത്തിക വ്യവസ്ഥിതിക്ക് മുന്നിലെ വിലങ്ങുതടിയാണ് കുറഞ്ഞ ജനസംഖ്യ' എന്നതാണ് റിപ്പോർട്ടിലെ പ്രസക്തമായ വാക്യം. രാജ്യത്തിന്റെ വിപണിക്ക് ഗുണകരമാവുക ഉയർന്ന ജനസംഖ്യയാണെന്ന് പ്രസ്താവിച്ച സമിതി സർക്കാരിനും മാധ്യമങ്ങൾക്കും മുന്നിൽ ഒരു അഭ്യർഥന നടത്തി. അത് ഇപ്രകാരമാണ്: 'ജനസംഖ്യാ വർധനവിനെ സംബന്ധിച്ച തെറ്റുധാരണകൾ ജനങ്ങളുടെ മനസ്സിൽനിന്നും നീക്കാൻ ഗവൺമെന്റിന്റെയും മാധ്യമങ്ങളുടെയും ബുദ്ധിജീവികളുടെയും പിന്തുണ ഞങ്ങൾക്ക് ആവശ്യമാണ്.' ഇവിടെ വ്യക്തമാകുന്നത് ജനസംഖ്യാ പെരുപ്പത്തെക്കുറിച്ചുള്ള പൊതുബോധത്തിലധിഷ്ഠിതമായ നയം പൂർണമായും തെറ്റായിരുന്നു എന്നതാണ്.

സിംഗപ്പൂരിലെ വിദഗ്ധസമിതി പൊതുബോധത്തിനെതിരെ ഇത്തരത്തിലൊരു റിപ്പോർട്ട് സമർപ്പിച്ചതിന് പിന്നിലെ ചേതോവികാരം എന്തായിരുന്നു എന്നത് നമ്മെ അലട്ടേണ്ടതുണ്ട്. 2011 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ സിംഗപ്പൂർ വിപണിയിലേക്ക് കടന്നുവരുന്നതിൽ നിന്നും വ്യവസായികളെയും കമ്പനികളെയും തടഞ്ഞത് മനുഷ്യവിഭവശേഷിയുടെ ലഭ്യതക്കുറവായിരുന്നു എന്നതാണ് അവയിലൊന്ന്. 2015 ലെ സിംഗപ്പൂരിന്റെ വളർച്ചയും ജനസംഖ്യയും ചർച്ച ചെയ്ത സമിതി മുന്നോട്ടുവച്ച ആശയങ്ങൾ ഇങ്ങനെ ചുരുക്കാം:

1. കൂടുതൽ വിദേശികളെ സ്വീകരിച്ച് ജനസംഖ്യ വർധിപ്പിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഗുണം ചെയ്യും.

2. ജനസംഖ്യ വർധിക്കുന്നതിലൂടെ കമ്പനികൾക്ക് മാർക്കറ്റിംഗിന് കൂടുതൽ സാധ്യതകൾ (ബിഗർ ബേസ്) ലഭിക്കും.(1)

സിംഗപ്പൂരിന്റെ സമീപനത്തിൽ നിന്നും ഒട്ടേറെ ഗുണപാഠങ്ങൾ നമുക്ക് ലഭിക്കും. ഒന്നാമതായി, ജനസംഖ്യാവർധനവിനെതിരെയുള്ള പൊതുബോധം തെറ്റായിരുന്നുവെന്നും ഇത് ചില സാമ്രാജ്യത്വ താൽപര്യങ്ങൾക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്നും വ്യക്തമാണ്. രണ്ടാമതായി, ജനസംഖ്യാ വർധനവ് ദീർഘകാലാടിസ്ഥാനത്തിൽ രാജ്യത്തെയും വിപണിയെയും പുഷ്ടിപ്പെടുത്താൻ ഉതകുന്നതാണ്. പലപ്പോഴും വളരെക്കുറഞ്ഞ ബൗദ്ധിക തലത്തിൽ ഇക്കാര്യത്തെ സമീപിക്കുന്നതാണ് തെറ്റായ 'ഇമേജ്' സൃഷ്ടിക്കപ്പെടാൻ കാരണം. ഇക്കാര്യത്തെ വളരെ ലളിതമായി പ്രഫ. യെൻയൂ ക്വാംഗ് ഉദാഹരിച്ചിട്ടുണ്ട്.

റോഡിലൂടെ വാഹനത്തിൽ സഞ്ചരിക്കുമ്പോൾ കൂടുതൽ വാഹനങ്ങൾ കാരണം യാത്ര തടസ്സപ്പെടുന്നതിന് നാം പഴിക്കുന്നത് ജനസംഖ്യയെയാണ്. ജനസംഖ്യ പകുതിയായിരുന്നെങ്കിൽ ഇവ്വിധത്തിലുള്ള പ്രയാസങ്ങൾ ദൂരീകരിക്കപ്പെടുമെന്നും നാം പറയുന്നു. എന്നാൽ ഈ വാദഗതി തെറ്റാണെന്ന് അദ്ദേഹം തെളിയിക്കുന്നത് ഇപ്രകാരമാണ്: 'ജനസംഖ്യ പകുതിയായാൽ രാജ്യത്തിന് ലഭിക്കുന്ന നികുതിവരുമാനം പകുതിയായി കുറയും. വാഹനങ്ങൾ കുറയും. പക്ഷേ, നാം പ്രതീക്ഷിച്ച യാത്രാക്ലേശത്തിൽ നിന്നുള്ള വിടുതൽ നമുക്ക് ലഭിക്കില്ല. കാരണം നികുതി കുറഞ്ഞാൽ റോഡിന്റെ വീതി ഇത്രമാത്രം ഉണ്ടാകുമായിരുന്നില്ല'. പ്രഫസർ ഇവിടെ ചൂണ്ടിക്കാട്ടിയത് വളരെ ലളിതമായ കാര്യമാണ്. യാത്രാക്ലേശമെന്ന സമസ്യക്ക് നമ്മുടെ അൽപബുദ്ധിയിൽ നാം കണ്ടെത്തിയ പ്രതിയാണ് 'ജനസംഖ്യാ വർധനവ്.' എന്നാൽ നമ്മുടെ ലളിതമായ ഉത്തരം പൂർണമായും തെറ്റാണെന്ന് അദ്ദേഹം ഇവിടെ സമർഥിക്കുന്നു.

ദൈവികദർശനങ്ങൾക്കെതിരായുള്ള മനുഷ്യനിർമിത പരിഹാരമാർഗങ്ങളുടെ അവസ്ഥ ഇങ്ങനെയായിരിക്കും. ഈ പരിഹാരമാർഗം തങ്ങളുടെ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ട് ദയനീയമായി പരാജയപ്പെട്ട ഒരു രാഷ്ട്രത്തിന്റെ ചരിത്രം നമ്മുടെ മുന്നിലു

ണ്ട്. അതെ, 1979ൽ സാമ്രാജ്യത്വ മേലാളന്മാരുടെ ചതിയിലകപ്പെട്ട് രാജ്യത്തുടനീളം ജനസംഖ്യാനിയന്ത്രണ നിയമനിർമാണം നടത്തി 400 മില്യൺ കുഞ്ഞുങ്ങളെ 'വധിച്ച്' ഒടുവിൽ ദാർശനികമായി പരാജയപ്പെട്ട് നിയന്ത്രണങ്ങളെടുത്തുമാറ്റിയ ചൈനയുടെ ചരിത്രം.

## നാമൊന്ന്, നമുക്കൊന്ന്

1979ലാണ് ചൈനയിൽ നിർബന്ധിത ജനസംഖ്യാ നിയന്ത്രണത്തെ സംബന്ധിച്ച രാഷ്ട്രീയ തീരുമാനവുമായി അന്നത്തെ ഡൻ ഷോപ്പിൻ ഭരണകൂടം രംഗപ്രവേശം ചെയ്യുന്നത്. ജനസംഖ്യാ വർധനവു സംബന്ധിച്ച് തെറ്റുധാരണാജനകമായി പ്രചരിപ്പിക്കപ്പെട്ട സാമൂഹിക സമവാക്യങ്ങളാണ് ഇത്തരമൊരു തീരുമാനമെടുക്കാൻ ഭരണകൂടത്തെ പ്രേരിപ്പിച്ചത്. 1958ലെ പട്ടിണിയാണ് കാരണമെന്ന വാദത്തിനാണ് കൂടുതൽ പിന്തുണ ലഭ്യമായത്. ഭക്ഷലഭ്യതക്കുറവായിരുന്നു പട്ടിണിക്ക് കാരണം. 1960 ഓടെ ഫാമിലി പ്ലാനിംഗുമായി ചൈനീസ് സർക്കാർ രംഗത്തെത്തി. പട്ടിണിക്ക് കാരണം ജനസംഖ്യാ വർധനവാണെന്ന മാൽത്തൂസിയൻ സിദ്ധാന്തവും ഇതിന്റെ വാലാട്ടിയായി ശാസ്ത്രജ്ഞനായ പോൾ ഏർളിച്ച് വന്നതും പ്രസ്തുത തീരുമാനം കൈക്കൊണ്ടതിൽ ഭാഗഭാക്കായിരിക്കാം. 1970കളിൽ സർക്കാരിന്റെ മുദ്രാവാക്യം 'ലേറ്റ്, ലോംഗ് ആൻഡ് ഫ്യൂ' എന്നതായിരുന്നു. 1979ൽ നിയന്ത്രണം കൊണ്ടുവരുന്ന സമയത്ത് ചൈനയിലെ ജനസംഖ്യ 97 കോടിയായിരുന്നു.

ചൈനയിലെ വംശീയ ഭൂരിപക്ഷമായ ഹാൻ ചൈനീസ് വിഭാഗത്തിലെ മാതാപിതാക്കൾക്ക് ഒറ്റക്കുട്ടി എന്ന രീതിയിലാണ് ആദ്യഘട്ടത്തിൽ നിയന്ത്രണം കൊണ്ടുവന്നത്. ഗ്രാമപ്രാന്തങ്ങളിൽ വസിക്കുന്നവർക്കും വംശീയ ന്യൂനപക്ഷങ്ങൾക്കും നിയന്ത്രണത്തിൽ നിന്ന് ഈ ഘട്ടത്തിൽ ഇളവുകൾ ലഭ്യമായിരുന്നു. പതിയെ നിയന്ത്രണം എല്ലാ വിഭാഗങ്ങൾക്കും ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ നിർബന്ധിത ജനനനിയന്ത്രണ വിഷയത്തിൽ യൂനിഫോമിറ്റി നടപ്പാക്കി. ഇവിടെ എടുത്തുപറയേണ്ട മറ്റു ചില വസ്തുതകളുമുണ്ട്. 'നാമൊന്ന്, നമുക്കൊന്ന്' പോളിസി അംഗീകരിച്ചവർക്ക് സർക്കാർ നൽകിയ പാരിതോഷികങ്ങളാണവ. മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, വമ്പിച്ച സാലറി, മറ്റു പലവിധ സർക്കാർ സഹായങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പോളിസി അംഗീകരിക്കാത്തവരുടെ മേൽ പിഴ ചുമത്തുകയും അവർക്ക് സർക്കാർ സേവനങ്ങളുടെ ലഭ്യത ദുഷ്കരമാക്കുകയും അവരെ തൊഴിലിടങ്ങളിൽ നിന്നും തരംതാഴ്ത്തുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ വളരെ 'ആത്മാർഥമായി' മാൽത്തൂസിയൻ ശൈലിയെ പുണർന്ന് ചൈന രംഗത്തുവന്നു. ഈ പോളിസി കാരണം ചൈന തടഞ്ഞത് 400 മില്യൺ ജനനങ്ങളെയാണെന്ന് പഠനങ്ങൾ നമ്മോട് പറയുന്നു.

## ഫലം ജനസംഖ്യാമാന്ദ്യം

ജനസംഖ്യയെ പിടിച്ചുകെട്ടിക്കൊണ്ട് ചൈന കണ്ട സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെട്ടില്ല എന്നതിലുപരി ഈ നിയന്ത്രണം ഒടുവിൽ 'ജനസംഖ്യാ മാന്ദ്യ'ത്തിന്റെ രൂപത്തിലൊരു ബൂമറാങ്ങായി ചൈനയുടെ മണ്ടക്ക് തന്നെ വന്ന് പതിച്ചു എന്നതാണ് പിന്നീടുണ്ടായ സംഭവവികാസങ്ങളിൽ നിന്നും വ്യക്തമാകുന്നത്. ജനസംഖ്യാ നിയന്ത്രണം കൊണ്ടുവരാൻ ചൈനീസ് സർക്കാർ പറഞ്ഞിരുന്ന ന്യായങ്ങൾ ഇങ്ങനെ ചുരുക്കാം:

1. ജനസംഖ്യ സമ്പദ് വ്യവസ്ഥയ്ക്ക് വിലങ്ങുതടിയായി മാറരുത്.

2. പ്രകൃതി വിഭവങ്ങളുടെ മേലുള്ള പാരിമാണികമായുള്ള വെല്ലുവിളിയിൽ നിന്നുമുള്ള മോചനം.


എന്നാൽ സംഭവിച്ചതെന്താണ്? ആധുനികവൽക്കരണത്തിന്റെ പുതുമയാർന്ന സങ്കേതങ്ങളുടെ സഹായത്താൽ പ്രകൃതിവിഭവങ്ങളുടെ ലഭ്യതക്കുറവ് കേവലമായ മാൽത്തൂസിയൻ വാദമെന്ന നിലയിൽ ഒരു മൂലയിലൊതുങ്ങി. മനുഷ്യവിഭവ സാധ്യതകൾ മറ്റു രാഷ്ട്രങ്ങൾ വളരെ ക്രിയാത്മകമായി ഫലപ്രദമായ ഔട്ട്പുട്ടിന് വേണ്ടി ഉപയോഗിക്കാൻ ആരംഭിക്കുകയും ചെയ്തു. ഇക്കാലമത്രയും കൊട്ടിഘോഷിക്കപ്പെട്ട 'നിർബന്ധിത ജനസംഖ്യാ നിയന്ത്രണം മെയ്ഡ് ഇൻ ചൈന' പതിയെ മാർക്കറ്റ് വിട്ടുതുടങ്ങി. ഇന്നും ചൈനീസ് മോഡലിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ഇന്ത്യൻ ജനതയോട് സ്വയം പരിവർത്തനത്തിന് വിധേയമാകാൻ പടപ്പാട്ട് പാടുന്ന നേതാക്കൾ നമുക്കുണ്ടെന്നത് എത്രമേൽ ലജ്ജാവഹമാണ്! ഒന്നുറപ്പിക്കാം, നിർബന്ധിത ജനസംഖ്യാ നിയന്ത്രണ നിയമത്തിനായുള്ള ഇന്ത്യയിലെ അട്ടഹാസങ്ങൾ രാജ്യതാൽപര്യം മാനിച്ചുള്ളതല്ല. വംശീയവെറിയാലുള്ള അൽപജ്ഞാനത്തിന്റെ മേൽ പടുത്തുയർത്തപ്പെട്ട ചീട്ടുകൊട്ടാരത്തിന് സമാനമാണത്.

## ചൈനയുടെ 'തല'വേദന

നിർബന്ധിത ജനസംഖ്യാ നിയന്ത്രണം കൊണ്ടുവന്ന് വിപ്ലവം സൃഷ്ടിച്ച ചൈനയിലെ കമ്യൂണിസ്റ്റ് സർക്കാരിന്

രാജ്യത്തെ ബുദ്ധിജീവികൾ നൽകിയ മുന്നറിയിപ്പ് ഇപ്രകാരമാണ്: 'ചൈന യുടെ ചരിത്രത്തിലെ ഏറ്റവും വലിയ ജനസംഖ്യാ പതനത്തിന് അടുത്ത് തന്നെ സാക്ഷിയാകും. ഇത് ഡെമോഗ്രാഫിക്, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ വൻ പ്രതിസന്ധിക്ക് തന്നെ കളമൊരുക്കും.' വിവിധ കോണുകളിൽ നിന്നും ഉയർന്നുവന്ന രൂക്ഷമായ വിമർശനങ്ങളുടെയും കണക്കുകളുടെയും ഫലമായി 2013 മുതൽ ചൈന കർക്കശ നയങ്ങളിൽ പതിയെ വെള്ളം ചേർക്കാൻ ആരംഭിച്ചു. ഒടുവിൽ 2015 ഒക്ടോബർ 29ന് ചൈന പൂർണമായും തങ്ങളുടെ 'നാമൊന്ന് നമുക്കൊന്ന്' പോളിസി ഉപേക്ഷിച്ചു. 2016 ൽ 'നമ്മൾ രണ്ട്, നമുക്ക് രണ്ട്' പോളിസി രാജ്യം അംഗീകരിക്കുകയാണുണ്ടായത്. എന്നാൽ രണ്ടാമത്തെ പോളിസിയും വൻ വിമർശനങ്ങൾക്ക് വിധേയമാണെന്ന് ബുദ്ധിജീവികളുടെ പ്രതികരണത്തിൽ നിന്നും വ്യക്തമാണ്.

നിർബന്ധിത ജനസംഖ്യാ നിയന്ത്രണത്തിലൂടെ ചൈന എന്ന വമ്പൻ രാഷ്ട്രത്തിന് പ്രതിഫലമായി ലഭിച്ചത് ജനമാന്ദ്യം മുതൽ ക്രൈം റേറ്റിലെ (അക്രമസംഭവങ്ങളുടെ തോത്) വർധനവ് വരെയുള്ളവയാണ്. തൽഫലമായുണ്ടായ സാമ്പത്തിക നഷ്ടങ്ങളെ ഒറ്റനൂലിൽ കോർക്കുക സാധ്യമല്ല. കാരണം ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ സ്വാധീനിച്ചുകൊണ്ട് അനവധി ഘടകങ്ങളും ഗുണകങ്ങളുമുണ്ടാകും. ജനസംഖ്യാ മാന്ദ്യം കാരണം സൃഷ്ടിക്കപ്പെട്ട സാമ്പത്തിക നഷ്ടങ്ങൾ തൊഴിൽ മേഖല മുതൽ ആരോഗ്യ മേഖല വരെ ബന്ധപ്പെട്ടിട്ടുണ്ട്. ജനസംഖ്യാമാന്ദ്യം കാരണം മേൽപറഞ്ഞ വിവിധ മേഖലകളിൽ സൃഷ്ടിക്കപ്പെട്ട സാമ്പത്തിക പ്രതിസന്ധിയെ മറച്ചുവെക്കാൻ ഒരു പക്ഷേ, മറ്റു മണ്ഡലങ്ങളിലെ ഉന്നതിയിലൂടെ ഒരു രാജ്യത്തിന് സാധിക്കും. പക്ഷേ, ജനസംഖ്യാ വളർച്ചയുടെ ആനുകൂല്യത്തിലൂടെ ലഭിക്കുന്ന വളർച്ചയിൽനിന്നും രാജ്യത്തിന് യാതൊന്നും നേടാൻ സാധിക്കില്ല എന്നതാണ് ഇവിടെ പ്രസക്തം. ചൈനയുടെ സമ്പദ് വ്യവസ്ഥയുടെ തകർച്ച 2027 ആകുമ്പോഴേക്കും പൂർണമാകുമെന്ന വാദവും ഇപ്പോൾത്തന്നെ ചൈന സാമ്പത്തിക




പരാധീനതയിലേക്ക് മാറിക്കഴിഞ്ഞു എന്ന വാദവും ഉയരുമ്പോൾതന്നെ മേൽപറഞ്ഞ വിധത്തിലാണ് ഈ സാമ്പത്തിക മാന്ദ്യത്തെ നാം മനസ്സിലാക്കേണ്ടത്. ചൈനയുടെ നഷ്ടക്കണക്കുകളിൽ പ്രകടമായവയിൽ പ്രസക്തമായവ ഇവിടെ പ്രതിപാദിക്കാം.

### 1. വൃദ്ധനായ ചൈന

ജനസംഖ്യ സമ്പദ് വ്യവസ്ഥയ്ക്ക് ഭീഷണിയാണെന്ന പൊള്ളവാദത്തിന്റെ ഫലമായാണ് ജനനനിയന്ത്രണം ചൈനയിൽ മൊട്ടിട്ടത്. മൊട്ട് വിടരുമ്പോഴുള്ള സമ്പദ്‌വ്യവസ്ഥയുടെ അവസ്ഥാന്തരങ്ങളിൽ ഒന്ന് ജനനതോതിലുള്ള കുറവ് മൂലം സൃഷ്ടിക്കപ്പെട്ട വർക്ക് ഫോഴ്സിന്റെ ലഭ്യതക്കുറവായിരുന്നു. താരതമ്യേന വളരെക്കുറച്ച് പേരാണ് വലിയ ഒരു വൃദ്ധസമൂഹത്തെ തീറ്റിപ്പോറ്റാൻ കാലക്രമേണ ചൈനയിൽ ഉൽപാദിപ്പിക്കപ്പെട്ടത്. ഇതോടെ തൊഴിൽ ചെയ്ത് സാമ്പത്തികമായി രാജ്യത്തിന് സംഭാവന നൽകാൻ സാധിക്കാത്ത വൃദ്ധജനങ്ങൾ ചൈനയിൽ വർധിച്ചുവന്നു. വൃദ്ധജനങ്ങൾക്കുള്ള പെൻഷനടക്കമുള്ളവ സർക്കാർ നൽകുമ്പോൾ അവരിൽ നിന്ന് സൃഷ്ടിപരമായി യാതൊന്നും തിരിച്ചുപ്രതീക്ഷിക്കാൻ വകയില്ല എന്നതും കാണാം. ഇന്ന് ചൈനയിലെ 30% പേർ 50ന് മുകളിൽ പ്രായമുള്ളവരാണ്. 2030ൽ തൽസ്ഥിതി തുടർന്നാൽ ജനസംഖ്യയുടെ നാലിലൊന്ന് 60ന് മുകളിൽ പ്രായമുള്ളവരായി മാറും എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

### 2. തൊഴിലാളികളുടെ ലഭ്യതക്കുറവ്

2018ൽ ചൈനയിലെ ലേബർ ഫോഴ്സിന്റെ മൊത്തം സംഖ്യ 897.29 മില്യണിലേക്ക് പതിച്ചു. തുടർച്ചയായ ഏഴാം വർഷമാണ് ഈ തകർച്ച (നാഷണൽ ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് കണക്കനുസരിച്ച്).

ഈ കുറഞ്ഞ വർക്ക് ഫോഴ്സിനെ മുൻനിർത്തി വർധിക്കുന്ന വൃദ്ധസമൂഹത്തെ പരിപാലിക്കുക എന്നത് സർക്കാരിനെ സംബന്ധിച്ച് നഷ്ടക്കണക്കായി മാറുന്നു. വർക്ക് ഫോഴ്സിലെ ജനസംഖ്യ കുറഞ്ഞതിനാൽ ഉപഭോക്തൃ വരവുചെലവുകൾ ഗണ്യമായി കുറയുന്നു. ഇത് വിപണിയെ പ്രതികൂലമായി ബാധിക്കുന്നു.

### 3. ആരോഗ്യരംഗത്തെ അമിതഭാരം

വൃദ്ധ ജനസംഖ്യ കുത്തനെ ഉയരുന്നതിന്റെ ഫലമായി അവർക്കുള്ള പരിചരണ, പരിപാലന രംഗത്ത് സർക്കാരിന് കൂടുതൽ മുതൽമുടക്കേണ്ടി വരുന്നു. വൃദ്ധജനങ്ങൾക്ക് ആവശ്യമായ ആശുപത്രി സൗകര്യങ്ങൾ, മരുന്നുകൾ എന്നിത്യാദി ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രശ്നങ്ങളിലേക്ക് ജനസംഖ്യാ നിയന്ത്രണം കാരണമാകുമെന്ന് കാണാം. ഇത്തരം മേഖലകളിൽ മുതൽമുടക്കുന്നതിലൂടെ മറ്റു മേഖലകളിൽ സൃഷ്ടിപരമായുള്ള നവീകരണങ്ങൾക്കുള്ള സാധ്യത വിരളമാകുന്നു. ഇത് നിലവിലുള്ള വർക്ക് ഫോഴ്സിന്റെ പ്രതിസന്ധി രൂക്ഷമായി മാറാൻ ഹേതുവാകും.

| A | B | C |
|---|---|---|
| ചൈന | 12% | 1.6% |
| ഇന്ത്യ | 6% | 2.2% |
| ആഫ്രിക്ക | 3% | 4.5%[2] |

*(A. രാജ്യം/വൻകര, B. 65ന് മുകളിൽ പ്രായമുള്ളവർ, C. അവന്ധ്യതാ നിരക്ക്)*

ഇവിടെ ചൂണ്ടിക്കാട്ടിയ കാരണങ്ങളുടെയടക്കം ഫലമായി ചൈനയുടെ സമ്പദ്‌വ്യവസ്ഥ 40 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലേക്ക് ആപതിച്ചു എന്ന് കണക്കുകൾ പറയുന്നു.

ജനസംഖ്യാ നിയന്ത്രണം ജനനനിരക്കിൽ വലിയ അളവിൽ തന്നെ മാന്ദ്യംസൃഷ്ടിച്ചു. 2013ൽ ഉപാധികളോടെ ജനനനിയന്ത്രണം എടുത്തുമാറ്റാൻ തീരുമാനിച്ച ചൈനീസ് ഭരണകൂടം 2016 ആദ്യത്തിലെ 'നാം രണ്ട്, നമുക്ക് രണ്ട്' പോളിസിയിലൂടെ പ്രതീക്ഷിച്ചത് ഒരുഗ്രൻ 'ബേബി ബൂമാ'യിരുന്നു. 2016 മുതൽ തന്നെ കൂടുതൽ ദമ്പതികൾക്ക് കൂടുതൽ കുഞ്ഞുങ്ങളുണ്ടാകുമെന്നും അതുവഴി തകർന്നുകിടക്കുന്ന മേഖലകളെ വീണ്ടെടുക്കാമെന്നും അവർ കണക്കുകൂട്ടി. എന്നാൽ ഭരണകൂടത്തിന്റെ എല്ലാ കണക്കുകളും തെറ്റാണെന്ന് യഥാർഥ കണക്കുകൾ കാട്ടിത്തരുന്നു.

| വർഷം | പുതിയ കുഞ്ഞുങ്ങൾ |
|---|---|
| 2016 | 17.9 മില്യൺ |
| 2017 | 17.2 മില്യൺ |
| 2018 | 15.2 മില്യൺ |
| 2019 | 14.6 മില്യൺ |

അഥവാ, 2016ൽ നിന്നും ഒരുവർഷം കഴിയുമ്പോഴേക്കും ജനനനിരക്കിൽ 12% കുറവ് കാണാൻ കഴിഞ്ഞു. ചില പ്രദേശങ്ങളിൽ ഈ തകർച്ച 35%ത്തിലേക്ക് കൂപ്പുകുത്തി. കുഞ്ഞുങ്ങളുടെ വർധനവ് കണക്കുകൂട്ടിയവർക്ക് മുന്നിലെത്തിയത് കുഞ്ഞുങ്ങൾ കമ്മിയായതിന്റെ കണക്കുകൾ!

### ചൈനയുടെ കള്ളക്കണക്കുകൾ

അവന്ധ്യതാ നിരക്ക് 2.1 വേണ്ട സന്ദർഭത്തിൽ ചൈനയുടെത് കേവലം 1.6 മാത്രമാണ് എന്നതാണ് ഔദ്യോഗിക കണക്കുകൾ നമ്മോട് പറയുന്നത്.[3] എന്നാൽ വിസ്കോൺസിൻ മാഡിസൺ യൂനിവേഴ്സിറ്റി പ്രഫസറായ യി ഫസിയൻ പറയുന്നത് പ്രകാരം, 'നാമൊന്ന്, നമുക്കൊന്ന്' എന്ന ജനസംഖ്യാ നിയന്ത്രണ നിയമനിർമാണം കാരണം തങ്ങൾക്കുണ്ടായ തകർച്ച മറച്ചുവയ്ക്കാൻ ചൈനീസ് ഭരണകൂടം കണക്കിൽ വെള്ളം ചേർത്തുവെന്നാണ്. യഥാർഥത്തിൽ ചൈനയുടെ അവന്ധ്യതാ നിരക്ക് 1.18 ലേക്ക് 2010 മുതൽ 2018 വരെയുള്ള കണക്കുപ്രകാരം ആപതിച്ചിരിക്കുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. കൊട്ടിഘോഷിച്ച പരിപാടിയുടെ നഷ്ടം മറച്ചുവെക്കാൻ കണക്കിൽ പോലും വെള്ളം ചേർക്കേണ്ട അവസ്ഥ!

യി ഫസിയൻ ചൂണ്ടിക്കാട്ടിയ പ്രശ്നം സൃഷ്ടിക്കപ്പെട്ടത് ജനനനിയന്ത്രണത്തെ തുടർന്നാണ് എന്നത് വാസ്തവമാണ്. 'ഒറ്റക്കുട്ടി' പോളിസിക്ക് ശേഷം, ആധുനികവത്കരണത്തിന്റെ കൂടി സഹായത്തോടെ കൂടുതൽ നല്ല ജീവിത സാഹചര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമായതോടെ ചൈനീസ് ദമ്പതികളിൽ 'തങ്ങൾക്ക് കുഞ്ഞുങ്ങളുടെ ആവശ്യമില്ല' എന്ന പ്രവണത പരക്കെ പടർന്നതാണ് ഇതിന്റെ മൂലകാരണം. ഈ സമയത്ത് ജനിച്ച പെൺകുഞ്ഞുങ്ങൾക്കാവട്ടെ, പുതിയ സാഹചര്യത്തിൽ ചൈനീസ് ജനസംഖ്യയെ ത്വരിതപ്പെടുത്താൻ മാത്രം കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാനും സാധിക്കുന്നില്ല. ഇതുമൂലം ഉയർന്നുവന്ന മറ്റൊരു പ്രശ്നം ലിംഗാനുപാതത്തിൽ വന്ന മാറ്റവും അതുവഴി അക്രമ സംഭവങ്ങളിൽ വന്ന ഉയർച്ചയുമാണ്.

### അക്രമങ്ങൾ വർധിക്കുന്നു

കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി മുമ്പുള്ളതിനെ അപേക്ഷിച്ച് ചൈനയിൽ ആറിരട്ടി വർധനവാണ് അക്രമസംഭവങ്ങളിൽ കാണാവുന്നത്. ഇത് ജനസംഖ്യാ നിയന്ത്രണ നിയമത്തിന്റെ അനന്തരഫലമാണ് എന്ന് കാണാം. അതായത്, ഒറ്റക്കുട്ടി പോളിസി നടപ്പിലാക്കിയതോടെ ചൈനീസ് ദമ്പതികൾ ഒരുകുട്ടിയെങ്കിൽ അത് ആണാകട്ടെ എന്ന ചിന്തയിൽ ആംനിയോസെന്റെസിസ് ടെസ്റ്റിലൂടെയടക്കം കുഞ്ഞിന്റെ ലിംഗം മനസ്സിലാക്കുകയും പെൺഭ്രൂണഹത്യകൾ വർധിക്കുകയും ചെയ്തു. അതോടെ ജനിക്കുന്നവയിൽ വലിയൊരളവ് ആൺകുട്ടികളായി മാറി. 120 ആൺകുട്ടികൾക്ക് 100 പെൺകുട്ടികൾ എന്ന നിലയിലേക്ക് ലിംഗാനുപാതം വർധിച്ചു.

ഇതോടെ രാജ്യത്ത് 30 മില്യൺ (3 കോടി) 'സർപ്ലസ്' ആൺകുട്ടികളുണ്ടായി. ഇത്രയും യുവാക്കൾക്ക് വിവാഹത്തിന് പെൺകുട്ടികളില്ലാത്ത അവസ്ഥ! നാം മുമ്പ് മനസ്സിലാക്കിയത് പോലെത്തന്നെ 1979ൽ ജനസംഖ്യാ നിയന്ത്രണം കൊണ്ടുവരുമ്പോൾ ആദ്യഘട്ടത്തിൽ ഗ്രാമപ്രദേശങ്ങൾക്ക് ഇതിൽ നിന്നും ഇളവനുവദിച്ചിരുന്നു. അതോടൊപ്പം ഗ്രാമങ്ങളിൽ ആദ്യകുഞ്ഞ് പെണ്ണാണെങ്കിൽ രണ്ടാമതൊരു കുഞ്ഞിന് അനുമതിയുണ്ടായിരുന്നു. എന്നാൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള നിരവധി യുവാക്കൾ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് ജോലിയാവശ്യാർഥം കുടിയേറുകയും പിന്നീടുള്ള ജീവിതത്തിൽ നഗരങ്ങളിലെ ലിംഗാനുപാതത്തിന്റെ വർധനവ് കാരണം ഭാര്യമാരെ സ്വന്തമാക്കാൻ സാധിക്കാതെയും വരുന്ന അവസ്ഥ സംജാതമായി.

ഇത്തരത്തിൽ നിർബന്ധിത ജനസംഖ്യാ നിയന്ത്രണത്തിന്റെ ഫലമായി അവിവാഹിതരായ യുവാക്കളാണ് വലിയ തോതിൽ നടന്ന അക്രമങ്ങൾക്ക് പിന്നിലെന്ന് പഠനങ്ങൾ പറയുന്നു. ഇതോടെ ചൈനയുടെ അക്രമസംഭവങ്ങളുടെ തോത് 34% വർധിച്ചു. ഇതോടൊപ്പം ചൈനയിൽ യുവതികളുടെ മൂല്യം(?) വർധിക്കുകയും പെണ്ണ് കിട്ടാൻ അപ്പാർട്ട്മെന്റുകളും മറ്റു പാരിതോഷികങ്ങളും കൊടുക്കേണ്ടിവന്നു. പുറമെ 15000 ഡോളറിനെക്കാൾ (11.3 ലക്ഷം ഇന്ത്യൻ രൂപ) വിലയുടെ കൈമാറ്റവും നടക്കുന്നു. ഇത് സാധ്യമാവുക സാമ്പത്തികമായി ഉയർന്നവർക്ക് മാത്രമാണല്ലോ. തൽഫലമായി പല പ്രദേശങ്ങളിലും പണത്തിനായി കൊള്ളകൾ നടക്കുന്നു.

പുരുഷന്മാരുടെ ആധിക്യമുള്ള സാമൂഹിക സാഹചര്യത്തിൽ ചൈനയിലെ ആൺകുട്ടികളുടെ മാനസിക-ബൗദ്ധിക കാഴ്ചപ്പാടിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്.[4] കൂടുതൽ അസ്വസ്ഥതയുള്ളവരും ഞരമ്പുരോഗികളുമായി, പുരുഷന്മാർക്ക് മൃഗീയ ഭൂരിപക്ഷമുള്ള ഇവിടെ ആൺകുട്ടികൾ മാറുന്നു എന്നതും ക്രൈം കേസുകൾ വർധിക്കുന്നതിന്റെ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. 'നാം രണ്ട്, നമുക്ക് രണ്ട്' പോളിസിയിലൂടെ കൂടുതൽ പെൺകുഞ്ഞുങ്ങൾ ജനിച്ചില്ലെങ്കിൽ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണമാകുമെന്നും നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

### ദൈവികതത്ത്വം, നിത്യപ്രസക്തം

മനുഷ്യനിർമിതമായ സാമൂഹിക സമവാക്യങ്ങളുടെ വിജയസാധ്യതകൾ തുറന്നുകാട്ടാൻ വെമ്പുന്ന അൽപജ്ഞാനികളായ ആധുനികസമൂഹത്തിന്റെ 'ഹുങ്കി'ന്റെയും സാമൂഹികമായ സന്തുലിതത്വം എക്കാര്യത്തിലും സ്വബുദ്ധിയിൽ സൃഷ്ടിക്കാമെന്ന മനുഷ്യന്റെ കടന്നചിന്തയുടെയും തലക്കേറ്റ തിരിച്ചടികൾ ചരിത്രത്താളുകളിൽ പരിശോധിക്കുമ്പോൾ ലഭിക്കുന്ന ഉദാഹരണങ്ങളിൽ പ്രസക്തമാണ് നിർബന്ധിത ജനസംഖ്യാ നിയന്ത്രണവുമായി കൊട്ടിഘോഷിക്കപ്പെട്ട് ഒടുവിൽ നഷ്ടക്കണക്കുകളുടെ പാപഭാരവും പേറി വിസ്മൃതിയിലാണ്ട ഈ ചൈനീസ് മോഡൽ. ഇത് ഒരു ഉദാഹരണം മാത്രമാണ്. മികച്ച വിദ്യാലയങ്ങൾക്ക് വേണ്ടി മത്സരിക്കുന്ന വിദ്യാർഥികളുള്ള സമൂഹത്തിൽ നിന്നുകൊണ്ട് വിദ്യാർഥികൾക്ക് വേണ്ടി പരസ്പരം മത്സരിക്കുന്ന വിദ്യാലയങ്ങളുള്ള റഷ്യയെ നമുക്ക് സങ്കൽപിക്കാൻ സാധ്യമാണോ?

സത്യമതം എന്നും പ്രസക്തമാണ്. രാജ്യതാൽപര്യത്തിന് വേണ്ടി ആത്മാർഥമായി ചൈന കൂട്ടിയ കണക്കുകളെല്ലാം നിലംപൊത്തി. 40 കോടി കുഞ്ഞുങ്ങളെ നിർബന്ധിത ജനനനിയന്ത്രണത്തിലൂടെ 'കൊന്നുതള്ളി'യിട്ടും തങ്ങളുടെ സമ്പദ്‌വ്യവസ്ഥയെ പുഷ്ടിപ്പെടുത്താൻ ചൈനക്ക് സാധിച്ചില്ലെന്ന് മാത്രമല്ല, സാമ്പത്തികരംഗം മുതൽ സാമൂഹികരംഗത്ത് വരെ പുതിയ പ്രശ്നങ്ങൾക്ക് വഴിയൊരുക്കി എന്നതാണ് ബാക്കിപത്രം.

"...അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ" (വിശുദ്ധ ക്വുർആൻ 8:30).

**(അടുത്ത ഭാഗം: ജനസംഖ്യ, സാമ്രാജ്യത്വം, ഇസ്‌ലാംഭീതി)**



ലേഖനം

അൽത്താഫ് അമ്മാട്ടിക്കുന്ന്
althafammatikunnu@gmail.com

# ഐക്യം: ഇസ്‌ലാമിന് പറയാനുള്ളത്

**ലോ**കത്ത് മനുഷ്യവംശത്തിനെ സത്യമാർഗത്തിലൂടെ വഴി നടത്താൻ ദൈവത്താൽ നിയുക്തരായവരാണ് നബിമാർ. നബിമാരുടെ ജീവിതവും അവർ അനുഭവിച്ച ത്യാഗങ്ങളും വിശ്വാസികൾക്ക് മാതൃകയാകാനും പ്രയാസഘട്ടങ്ങളിൽ ആശ്വാസമാകാനും ഉപകരിക്കത്തക്ക രീതിയിലാണ് ക്വുർആനിൽ അവ വിവരിക്കപ്പെട്ടിരിക്കുന്നത്. മുഹമ്മദ് നബിﷺക്ക് ശേഷം മുഴുവൻ മനുഷ്യരാശിയുടെയും മോക്ഷം ക്വുർആൻ പിൻപറ്റുന്നതിലാണ് നിലകൊള്ളുന്നത്. അതുകൊണ്ട് തന്നെ ക്വുർആനിൽ പ്രതിപാദിക്കപ്പെട്ട ഓരോ വിഷയവും അത്യധികം പ്രാധാന്യം അർഹിക്കുന്നവയാണ്. ഐക്യത്തിനും പരസ്പര സഹവർത്തിത്വത്തിനും ക്വുർആൻ വിശ്വാസികളെയും മാനവരാശിയെ പൊതുവായും ഉപദേശിക്കുന്നു. വ്യത്യസ്ത കാല, ദേശങ്ങളിൽ നിയോഗിതരായ സർവ നബിമാരും അവരുടെ നിയോഗത്തിലും സർവോപരി ആദർശത്തിലും ഐക്യപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ച് വിശ്വാസികളും അത്തരം വീക്ഷണമാണ് വെച്ചുപുലർത്തേണ്ടത് എന്ന് അല്ലാഹു നമ്മോട് ഉണർത്തുന്നു.

## നബിമാർ ഐക്യത്തിന്റെ സന്ദേശവാഹകർ

അല്ലാഹു പറയുന്നു: "പറയുക: ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും, ഇബ്‌റാഹീം ഇസ്മാഈൽ ഇസ്ഹാക്, യഅ്ക്വൂബ്, യഅ്ക്വൂബ് സന്തതികൾ എന്നിവർക്ക് ഇറക്കപ്പെട്ടതിലും; മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും പ്രവാചകന്മാർക്കു മുഴുവനും തങ്ങളുടെ രക്ഷിതാവിൽ നിന്ന് നൽകപ്പെട്ടതിലും വിശ്വസിക്കുന്നു. അവരിൽ ആർക്കിടയിലും തങ്കൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരുമാണ്" (ക്വുർആൻ 2: 136).

## ഐക്യം: മതത്തിന്റെ അടിത്തറ

ഐക്യത്തിന് സവിശേഷ സ്ഥാനമാണ് ഇസ്‌ലാമിലുള്ളത്. അല്ലാഹു പറയുന്നു:

"നിങ്ങളൊന്നായി സംഘടിച്ച് അല്ലാഹുവിന്റെ പാശം മുറുകെപിടിക്കുക, ഭിന്നിച്ച് പോകരുത്. പരസ്പരം ശത്രുക്കളായിരുന്ന ഘട്ടത്തിൽ അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്നെ അനുഗ്രഹം ഓർക്കുക. അവൻ നിങ്ങളുടെ ഹൃദയങ്ങൾ കൂട്ടിയിണക്കി. അവന്റെ അനുഗ്രഹത്തോടെ നിങ്ങൾ സഹോദരങ്ങളായി മാറി. നിങ്ങൾ ഒരഗ്നികുണ്ഡത്തിന്റെ വക്കിലെത്തിയിരുന്നു. അതിൽ വീണുപോകാതിരിക്കാൻ അല്ലാഹു നിങ്ങളെ തുണച്ചു. അല്ലാഹു അവന്റെ സന്ദേശങ്ങൾ നിങ്ങൾക്ക് ഇങ്ങനെ വിശദമാക്കിത്തരുന്നത് നിങ്ങൾ സന്മാർഗം പ്രാപിക്കുവാനാണ്" (ക്വുർആൻ 3:103).

പ്രവാചകന്റെ കാലത്ത് ഔസ്, ഖസ്‌റജ് ഗോത്രങ്ങൾ നൂറ്റിഇരുപത് വർഷത്തോളമായി ഭിന്നിപ്പിലും ശത്രുതയിലുമായി കഴിഞ്ഞ് കുടിയിരുന്നു. റസൂൽﷺ വരികയും ക്വുർആൻ അവതരിക്കുകയും ചെയ്തപ്പോൾ ഇസ്‌ലാമിന്റെ ഐക്യസമീപനത്താൽ ആ നീണ്ടകാല പകയും വിദ്വേഷവും പോലും തുടച്ചുനീക്കപ്പെട്ടു! ഐക്യത്തെ കേവല സാമൂഹിക ശാക്തീകരണത്തിനുള്ള ഉപാധിയായല്ല ക്വുർആൻ പരിചയപ്പെടുത്തുന്നത്. മറിച്ച് വിശ്വാസികൾ കണിശമായി പാലിക്കേണ്ട ദൈവിക കൽപന എന്ന നിലയ്ക്കാണ്. വിശ്വാസികളോരോരുത്തരോടുമാണ് ഇതിലെ




കൽപന വിരൽ ചൂണ്ടുന്നത്; സമൂഹത്തിലെ പണ്ഡിതന്മാർ, സാധാരണക്കാർ എന്ന വ്യത്യാസമില്ലാതെ എല്ലാവരും ഐക്യത്തിന് പരിശ്രമിക്കണമെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

സ്വാഭാവികമായും ആദർശവ്യതിയാനങ്ങളും തുടർന്ന് നടക്കുന്ന സംവാദങ്ങളും ഭിന്നതക്ക് ആക്കം കൂട്ടിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. എന്നാൽ ഏതൊരു ആദർശ പ്രവർത്തനവും നടത്തുമ്പോഴും ഐക്യത്തിനും സാഹോദര്യത്തിനുമുള്ള ദൈവിക കൽപന ഹൃദയത്തിലുണ്ടായിരിക്കേണ്ടതുണ്ട്. ഗുണകാംക്ഷാപരമായ ഇത്തരം സമീപനങ്ങളാണ് ഒരു പ്രബോധകനെ നയിക്കേണ്ടത്. ഇസ്‌ലാമിന്റെ മഹത്തായ വിജയങ്ങളെ നിർണയിച്ച പ്രധാനമായ ഘടകങ്ങളിലൊന്നായ ഐക്യബോധത്തെ തിരിച്ചറിഞ്ഞ ശത്രുക്കൾ ഇസ്‌ലാമിലെ അവാന്തരവിഭാഗങ്ങളെ തമ്മിലടിപ്പിക്കാനും ദീർഘകാലാടിസ്ഥാനത്തിൽ ഐക്യപ്പെടാതിരിക്കാനുമുള്ള ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തതായി ചരിത്രം പഠിപ്പിക്കുന്നു. അടിസ്ഥാന വിഷയങ്ങളിൽ യോജിച്ചുകൊണ്ടുള്ള സംവാദശൈലിയാണ് പൂർവികർ സ്വീകരിച്ചിരുന്നത്. എന്നാൽ സമകാലിക ലോകത്ത് അത് കയ്യേറ്റങ്ങളിലേക്കും കലാപങ്ങളിലേക്കും നീങ്ങുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഈ അവസരം മുതലെടുത്ത് മുസ്‌ലിംകളെ വംശീയമായി ഉൻമൂലനം ചെയ്യാനുള്ള പദ്ധതികൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും നടക്കുകയും ചെയ്യുന്നുണ്ട്.

### അനൈക്യം ദൈവികശിക്ഷക്കു കാരണം

"വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്" (ക്വുർആൻ 3:105).

ഐക്യത്തിനുള്ള ദൈവിക കൽപന ലംഘിച്ച് കക്ഷിത്വത്തിന് വേണ്ടി മൽസരിച്ച്, ഇസ്‌ലാമിന്റെ പൊതുവായ കാഴ്ചപ്പാടിനോട് പുറംതിരിഞ്ഞ് നിൽക്കുന്നവർക്ക് അല്ലാഹുവിന്റെ ശിക്ഷയിറങ്ങും എന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. ധർമനിഷേധികളിൽ നിന്ന് സമൂഹത്തിന് നേരിടുന്ന മർദനങ്ങളും മറ്റിതര വിപത്തുകളും ദൈവകൽപനയുടെ ധിക്കാരത്താൽ നമുക്ക് നേരിടേണ്ടിവരുന്നതാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ മാത്രമാണ് എങ്ങനെ പരീക്ഷണ ഘട്ടങ്ങൾ മറികടക്കാം എന്ന ചിന്തയും അതിനുള്ള പ്രായോഗിക നടപടിയും നമുക്കുള്ളിൽ തെളിയുക.

ഉഹ്ദ് യുദ്ധത്തിലെ പരാജയത്തിന്റെ കാരണവും ഭിന്നതതന്നെയാണ്. അഥവാ നേതൃകൽപന അനുസരിക്കുന്നതിലുള്ള വീഴ്ചയാണ്. ഐഹികമായ താൽപര്യങ്ങളാണ് പലപ്പോഴും ഭിന്നതയിലേക്കും തുടർന്ന് പരാജയത്തിലേക്കും അധഃപധനത്തിലേക്കും മനുഷ്യരെ നയിക്കുന്നത്. അതുകൊണ്ട് തന്നെ ഏത് തരത്തിലുള്ള ഭിന്നതയ്ക്കെതിരെയും നാം ജാഗരൂകരാകേണ്ടതുണ്ട്. ഒരു പുതിയ ഗ്രന്ഥമോ നബിയോ ഇനി വരാനില്ല. അന്ത്യനാൾവരേക്കുമുള്ള ഗ്രന്ഥമാണ് ക്വർആൻ എന്ന് പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് ഏത് കാലഘട്ടത്തിലും ഏത് പ്രശ്നവും നമുക്ക് ക്വുർആനിന്റെയും അതിന്റെ വിശദീകരണമായ പ്രവാചകചര്യയുടെയും അടിസ്ഥാനത്തിൽ പരിഹരിക്കാം എന്നാണ്. അപ്പോഴാണ് നാം അല്ലാഹുവിന്റെ കൽപന അംഗീകരിക്കുന്നവരാവുക.

"അതുകൊണ്ട് ആർ അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപിടിക്കുകയും ചെയ്തുവോ, അവരെ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവങ്കലേക്ക് അവരെ നേർവഴിയിലൂടെ അവൻ നയിക്കുന്നതുമാണ്" (ക്വുർആൻ 4:175).


### കക്ഷിത്വം ഒരു ശിക്ഷ

യഥാർഥത്തിൽ ഭിന്നത, കക്ഷിത്വം എന്നിവ അല്ലാഹുവിന്റെ ശിക്ഷയാണ് എന്നാണ് റസൂൽﷺ നമ്മെ പഠിപ്പിക്കുന്നത്. ഓരോ കക്ഷിയുടെ നേതാക്കന്മാരും ചിലപ്പോഴൊക്കെ തങ്ങൾ നേതാക്കന്മാരായതിൽ സ്വയം അഭിമാനിക്കുന്നുണ്ടാകാം. എന്നാൽ അല്ലാഹുവിന്റെ ഒരു ശിക്ഷാരീതിയിലെ ഒരു ഉപകരണം മാത്രമാണ് ഭിന്നതയ്ക്കും കക്ഷിത്വത്തിന്നും വേണ്ടി പരിശ്രമിക്കുന്നവർ.

"പറയുക: നിങ്ങളുടെ മുകൾ ഭാഗത്തുനിന്നോ നിങ്ങളുടെ കാലുകളുടെ ചുവട്ടിൽനിന്നോ നിങ്ങളുടെ മേൽ ശിക്ഷ അയക്കുവാൻ, അല്ലെങ്കിൽ നിങ്ങളെ ഭിന്നകക്ഷികളാക്കി ആശയക്കുഴപ്പത്തിലാക്കുകയും നിങ്ങളിൽ ചിലർക്ക് മറ്റു ചിലരുടെ പീഡനം അനുഭവിപ്പിക്കുകയും ചെയ്യാൻ കഴിവുള്ളവനത്രെ അവൻ. നോക്കൂ; അവർ ഗ്രഹിക്കുവാൻ വേണ്ടി നാം തെളിവുകൾ വിവിധ രൂപത്തിൽ വിവരിച്ചുകൊടുക്കുന്നത് എങ്ങനെയാണെന്ന്!" (ക്വുർആൻ 6:65).

മുകൾ ഭാഗത്തിലൂടെ ശിക്ഷ ഇറക്കുന്നതിന് ഉദാഹരണങ്ങളാണ് 'നൂഹ് നബി(അ)യുടെ കാലഘട്ടത്തിലെ മഴ, കാൽച്ചുവട്ടിലൂടെ ശിക്ഷ ഇറക്കുന്നതിന് ഉദാഹരണമാണ് ഭൂമികുലുക്കം, ഭൂമിയിലേക്ക് താഴുക മുതലായവ.

ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം: "ജിബ്‌രീൽ ഈ സൂക്തവുമായി നബിﷺയുടെ അടുത്ത് വന്നപ്പോൾ അദ്ദേഹം തന്റെ സമുദായത്തെക്കുറിച്ച് ആശങ്കയിലായി. ജിബ്‌രീൽ മറുപടിയായി പറഞ്ഞു: 'തീർച്ചയായും താങ്കളുടെ രക്ഷിതാവ് രണ്ട് കാര്യങ്ങളിൽ നിന്ന് താങ്കളുടെ സമുദായത്തെ രക്ഷപ്പെടുത്തിയിരിക്കുന്നു. നൂഹ് നബിയുടെയും ലൂത്ത് നബിയുടെയും സമൂഹത്തിന് സംഭവിച്ചത് പോലെ മുകൾ ഭാഗത്തുനിന്നുള്ള ശിക്ഷയിൽ നിന്നും ഖാറൂന് സംഭവിച്ചത് പോലെയുള്ള ഭൂമിയിലേക്കാഴ്ന്ന് പോകുന്നതിൽ നിന്നും അല്ലാഹു അവരെ സംരക്ഷിച്ചിരിക്കുന്നു."





ഭിന്നതയും അനൈക്യവും എത്ര മാത്രം ഭീകരമായ പ്രത്യാഘാതങ്ങളാണ് സമുദായത്തിന് ഏൽപിക്കുന്നത് എന്നതിന് സമകാലിക ലോകത്ത് ഏറെ അനുഭവം നമുക്കു മുന്നിലുണ്ട്.

“ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചു കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്” (ക്വുർആൻ 6:153).

സത്യമാർഗം വ്യക്തമായിക്കഴിഞ്ഞാൽ അതിൽ നിന്ന് വഴിമാറിപ്പോകുന്നത് ഭിന്നതയിലേക്കും അനൈക്യത്തിലേക്കും നയിക്കുന്നു:

“തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്). അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ചുകൊള്ളും” (ക്വുർആൻ 6:159).

ഈ സൂക്തത്തിൽ പരാമർശിക്കപ്പെട്ട മതത്തിൽ ഭിന്നിപ്പുണ്ടാക്കിയവർ ആരെന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. ബഹുദൈവവിശ്വാസികളിലെ കക്ഷിത്വങ്ങളാണെന്നും അതല്ല വേദക്കാർക്കിടയിലെ ഉൾപിരിവുകളും തമ്മിലടിയും ആണെന്നും അഭിപ്രായപ്പെട്ടവരുണ്ട്. എന്നാൽ ഇസ്‌ലാമിന്റെ പേരിൽ തമ്മിലടിച്ച് കക്ഷികളായി പിരിയുന്ന പുത്തനാശയക്കാരും അതിൽ ഉൾപ്പെടുമെന്ന് മുജാഹിദ്ﷺ ഉൾപ്പെടെയുള്ള പണ്ഡിതർ പറയുന്നു. മുസ്‌ലിംകൾ ഒരേസ്വരത്തിൽ സംസാരിക്കുകയും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് പ്രേരണനൽകുവാനാണ് ഈ വചനം ഉപദേശിക്കുന്നത്. ദീനിൽ പുത്തൻ ചിന്തകളുമായി കടന്നുവന്ന് ഛിദ്രതയുണ്ടാക്കരുതെന്ന് വചനം നമ്മോട് ആവശ്യപ്പെടുന്നു.

‘അവരുമായി താങ്കൾക്ക് യാതൊരു ബന്ധവുമില്ല’ എന്ന് അല്ലാഹു ഈ വചനത്തിൽ നബിﷺയോട് പറയുന്നു. അവരുടെ വിശ്വാസത്തിൽനിന്നും പ്രവർത്തനങ്ങളിൽ നിന്നും നബിﷺ വിദൂരത്താണ്, അവരുടെ പ്രവർത്തനഫലം അവർക്ക് മാത്രയാണ് എന്നർഥം. ഈ വചനവും നമ്മോട് പറയുന്നത് കക്ഷിത്വത്തിന് അനുകൂലമായ നടപടികൾ സ്വീകരിക്കരുതെന്നാണ്. അപ്രകാരം കക്ഷികളായിത്തീർന്നവർ അതിനുള്ള ഫലം അനുഭവിക്കുകതന്നെ ചെയ്യും.

## അനൈക്യം ധൈര്യവും ശക്തിയും ചോർത്തിക്കളയുന്നു

അല്ലാഹുവിനെയും ദൂതനെയും അനുസരിക്കുന്നതിന്റെ ഭാഗം തന്നെയാണ് ഭിന്നിക്കാതിരിക്കുക എന്നത്. ഭിന്നത ധീരതയെ ഇല്ലായ്മ ചെയ്യുന്നു. വിശ്വാസികളുടെ ശക്തി ഐക്യമാണ്. ആ ശക്തിയെ ധർമ നിഷേധികൾ ഭയക്കുന്നു. ധർമനിഷേധികളുടെ നിർഭയത്വം സത്യവിശ്വാസികളുടെ ഭിന്നതയിലാണ് നിലകൊള്ളുന്നത്. എന്നാൽ സാമൂഹ്യജീവിയായ മനുഷ്യന് പലവിധ കാരണങ്ങളാൽ ഭിന്നത എന്ന ദുരന്തത്തിന് ഇരയാകേണ്ടി വരുന്നു. ഐക്യപ്പെട്ടിരിക്കുക എന്നത് നിസ്സാരമായ ഒരു സംഗതിയല്ല. അതിന് വിശ്വാസത്തിന്റെ തീക്ഷ്ണതയും അസാമാന്യമായ ക്ഷമയും ആവശ്യമാണ്. വിശ്വാസികൾ ക്ഷമ, സഹനം എന്നീ മാർഗങ്ങൾ സ്വീകരിച്ച് ഐക്യപ്പെടാനും വിട്ടുവീഴ്ച ചെയ്യാനും അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നു. അത്തരം ആളുകൾക്ക് അല്ലാഹുവിന്റെ സഹായമുണ്ടാകും എന്നത് തീർച്ചയാണ്.

“അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ചുപോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു) പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു” (ക്വുർആൻ 8:46).

ഭിന്നതകൊണ്ട് ഉണ്ടാകുന്ന കാര്യങ്ങളാണ് ഭീരുത്വം, ബലഹീനത, വീര്യം നഷ്ടപ്പെടൽ തുടങ്ങിയവ. ഉഹ്ദ് യുദ്ധത്തിൽ മുസ്‌ലിംകൾക്കിടയിൽ അഭിപ്രായഭിന്നതയുണ്ടായപ്പോൾ അവരുടെ വീര്യം നഷ്ടപ്പെടുകയും ദൈവസഹായം ഇല്ലാതാവുകയും ചെയ്തു.

അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ ബദ്‌റിൽ വന്ന സൈന്യത്തെപ്പോലെ ഗർവും അഹങ്കാരവും ദുരഭിമാനവും സത്യവിശ്വാസികൾക്കുണ്ടായിക്കൂടാ. അവർ അടക്കവും ഒതുക്കവും നിഷ്കളങ്കതയും ഭയഭക്തിയും ഉള്ളവരാകണം എന്ന് അല്ലാഹു ഉപദേശിക്കുകയാണ്.

അബൂസുഫ്‌യാന്റെ വർത്തക സംഘത്തെ രക്ഷിക്കുവാനായി ഒരുങ്ങിയിറങ്ങിയ മുശ്‌രിക്കുകൾ വഴിക്കുവച്ച് അവർ രക്ഷപ്പെട്ട വിവരമറിഞ്ഞിട്ടും മടങ്ങിപ്പോകാതെ ബദ്‌റിലെ മൈതാനത്തുചെന്ന് മൂന്ന് ദിവസം ഒട്ടകത്തെ അറുത്തും കള്ള് കുടിച്ചും നൃത്താലാപനങ്ങൾ നടത്തിയും കഴിച്ചുകൂട്ടി. അറബികൾക്കിടയിൽ കീർത്തിനേടിക്കൊണ്ടല്ലാതെ മടങ്ങുകയില്ലെന്ന് പ്രതിജ്ഞ ചെയ്തു. എന്നാൽ അല്ലാഹു ഉദ്ദേശിച്ചത് മറ്റൊന്നായതിനാൽ അവരുദ്ദേശിച്ചത് നടന്നില്ല.

“അവരുടെ (വിശ്വാസികളുടെ) ഹൃദയങ്ങൾ തമ്മിൽ അവൻ ഇണക്കിച്ചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കിച്ചേർക്കാൻ നിനക്ക് സാധിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ തമ്മിൽ ഇണക്കിച്ചേർത്തിരിക്കുന്നു. തീർച്ചയായും അവൻ പ്രതാപിയും യുക്തിമാനുമാകുന്നു” (ക്വുർആൻ 8:63).

വിജയത്തിന്റെയും സൗഭാഗ്യങ്ങളുടെയും നിതാനമായ ഐക്യം സമ്പത്ത് കൊണ്ടോ സ്ഥാനമാനങ്ങൾ കൊണ്ടോ നേടിയെടുക്കാൻ സാധ്യമല്ല. അത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. ആയതിനാൽ ഇസ്‌ലാമിക ഐക്യത്തിന് വേണ്ടി, ആ മഹത്തായ അനുഗ്രഹത്തിന് വേണ്ടി വിശ്വാസികൾ ഓരോരുത്തരും അല്ലാഹുവിലേക്ക് കരങ്ങൾ ഉയർത്തേണ്ടതുണ്ട്. ഏറ്റവും വലിയ സമ്പത്ത് ആയുധങ്ങളും ആൾബലവുമല്ല മറിച്ച് ഐക്യമാണ് എന്ന പാഠം ഈ വചനം നമ്മെ ഉണർത്തുന്നു.

### ഐക്യം തകർക്കുന്നവർ കപടന്മാർ

പേരുകൊണ്ട് മുസ്‌ലിമായവരും എന്നാൽ ഇസ്‌ലാമിനോടും വിശ്വാസികളോടും ശക്തമായ വെറുപ്പ് വെച്ചുപുലർത്തുന്നവരുമാണ് കപടന്മാർ. ഒളിഞ്ഞും തെളിഞ്ഞും അവർ ഇസ്‌ലാമിനെതിരെ കരുക്കൾ നീക്കും.ഇസ്‌ലാമിനെ തകർക്കാൻ വിശ്വാസികളുടെ ഐക്യം തകർക്കുന്നതിലൂടെ മാത്രമെ സാധ്യമാകൂ എന്ന് തിരിച്ചറിഞ്ഞവരാണവർ. അത്തരക്കാർക്കെതിരെ ജാഗ്രത പുലർത്താൻ വിശ്വാസികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

“ദ്രോഹബുദ്ധിയാലും സത്യനിഷേധത്താലും വിശ്വാസികൾക്കിടയിൽ ഭിന്നതയുണ്ടാക്കാൻ വേണ്ടിയും മുമ്പുതന്നെ അല്ലാഹുവോടും അവന്റെ ദൂതനോടും യുദ്ധം ചെയ്തവർക്ക് താവളമുണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയും ഒരു പള്ളിയുണ്ടാക്കിയവരും (ആ കപടൻമാരുടെ കൂട്ടത്തിലുണ്ട്). ഞങ്ങൾ നല്ലതല്ലാതെ ഒന്നും ഉദ്ദേശിച്ചിട്ടില്ല എന്ന് അവർ ആണയിട്ട് പറയുകയും ചെയ്യും. തീർച്ചയായും അവർ കള്ളം പറയുന്നവർ തന്നെയാണ് എന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു” (ക്വുർആൻ 9:107).

സത്യവിശ്വാസികളുടെ ഐക്യം തകർക്കുക എന്നതാണ് കപടവിശ്വാസികളുടെ വഞ്ചനകളിലൊന്ന്. മുസ്‌ലിം സമൂഹത്തിനുള്ളിൽ മുസ്‌ലിം വേഷത്തിനും ഭാവത്തിലും കപടവിശ്വാസികൾ ഉണ്ടാവും. അതുകൊണ്ട് തന്നെ പുറത്തുനിന്നുള്ള ആക്രമണങ്ങളെക്കാൾ ആഘാതമുണ്ടാക്കുന്നവയാണ് കപട വിശ്വാസികളിൽ നിന്നുള്ള പ്രഹരങ്ങൾ. വചനത്തിന്റെ ഗൗരവം പരിഗണിക്കുമ്പോൾ ഇസ്‌ലാമിക സമൂഹത്തിനുള്ളിൽ ഏതെങ്കിലും തരത്തിലുള്ള വിഭാഗീയതക്ക് അറിഞ്ഞോ അറിയാതെയോ ഭാഗഭാക്കാകുന്നവർ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് ഓർമിച്ചുകൊള്ളട്ടെ...!





## അനൈക്യമുണ്ടാകാതിരിക്കാൻ നബിമാർ പുലർത്തിയ ജാഗ്രത

അല്ലാഹുവിന്റെ നിർദേശപ്രകാരം സത്യവിശ്വാസികൾക്ക് വെളിച്ചവും മാർഗദർശനവും അടങ്ങിയ വേദഗ്രന്ഥം സ്വീകരിക്കാനായി മൂസാ നബി﵇ തന്റെ സഹോദരനും പ്രവാചകനുമായ ഹാറൂൻ നബി﵇യെ തന്റെ സമുദായത്തിന്റെ നേതൃത്വം ഏൽപിച്ചുകൊടുത്തുകൊണ്ട് പോയ സന്ദർഭം ചിന്തോദ്ദീപകമാണ്. മൂസാ നബി﵇ തിരിച്ചുവന്നപ്പോൾ തന്റെ സമുദായത്തിലെ ഒരു വിഭാഗം വ്യക്തമായ ശിർക്ക് ചെയ്യുന്നതായി കണ്ടു. അണികൾക്കിടയിലുണ്ടായ ഈ പ്രവണത നേതൃത്വമേറ്റെടുത്ത ഹാറൂൻ നബി﵇യുടെ ശ്രദ്ധക്കുറവ് കൊണ്ടാണ് എന്നു ധരിച്ച മൂസാ നബി﵇ അദ്ദേഹത്തിനെതിരെ ധാർമികരോഷം പൂണ്ടു. തൽസമയം ഹാറൂൻ നബി﵇ തന്റെ ഭാഗത്തുണ്ടായ പ്രതികരണം ശ്രദ്ധേയമാണ്. ഇസ്‌ലാമിക സമൂഹത്തിൽ ഭിന്നത ഉടലെടുക്കുന്നതിനെ അത്യധികം ഗൗരവമുള്ള ഒരു കാര്യമായാണ് ഹാറൂൻ നബി﵇ കണ്ടത്.

“അദ്ദേഹം (ഹാറൂൻ) പറഞ്ഞു: എന്റെ ഉമ്മയുടെ മകനേ, നീ എന്റെ താടിയിലും തലയിലും പിടിക്കാതിരിക്കൂ. ഇസ്‌റാഈൽ സന്തതികൾക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിക്കളഞ്ഞു, എന്റെ വാക്കിന് നീ കാത്തുനിന്നില്ല എന്ന് നീ പറയുമെന്ന് ഞാൻ ഭയപ്പെടുകയാണുണ്ടായത്” (ക്വുർആൻ 20:94).

ശിർക്കിനെതിരെ ഹാറൂൻ﵇ പ്രതികരിച്ചില്ല എന്നല്ല ഇതിനർഥം. ഈ അധ്യായത്തിലെ 90ാം വചനം അത് വ്യക്തമാക്കുന്നുണ്ട്. ഇസ്‌ലാമിക സമൂഹത്തിൽ ഐക്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നിതാണീ വചനം.

സത്യവിശ്വാസികളുടെ സംഘബലവും ഐക്യവും തകർത്തുകൊണ്ടല്ലാതെ അക്രമകാരികളായ സ്വേഛാധിപതികൾക്ക് അധികാരത്തിൽ വരാൻ സാധിക്കില്ല. ഇസ്‌റാഈൽ സമൂഹത്തിന് വർഷങ്ങളോളം അടിമവത്കരിക്കപ്പെട്ട്, പീഡനങ്ങൾ സഹിച്ച്, സന്താനങ്ങൾ കൺമുന്നിൽ കൊലചെയ്യപ്പെടുന്ന ദുഃഖ പൂർണമായ ജീവിതം തള്ളിനീക്കുവാനുള്ള സാഹചര്യത്തിനു പിന്നിൽ അനൈക്യം വഹിച്ച പങ്ക് വളരെ വലുതാണ്.

“തീർച്ചയായും ഫിർഔൻ നാട്ടിൽ ഔന്നത്യം നടിച്ചു. അവിടത്തുകാരെ അവൻ വ്യത്യസ്ത കക്ഷികളാക്കിത്തീർക്കുകയും ചെയ്തു. അവരിൽ ഒരു വിഭാഗത്തെ ദുർബലരാക്കിയിട്ട് അവരുടെ ആൺമക്കളെ അറുകൊല നടത്തുകയും അവരുടെ പെൺമക്കളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്തുകൊണ്ട്. തീർച്ചയായും അവൻ നാശകാരികളിൽ പെട്ടവനായിരുന്നു.” (ക്വുർആൻ 28:4).

കക്ഷികളായി പിരിഞ്ഞവർ തങ്ങളുണ്ടാക്കിയ മഹാഅപരാധം പലപ്പോഴും തിരിച്ചറിയുന്നില്ല എന്ന് മാത്രമല്ല തങ്ങൾ മാത്രമാണ് നേർമാർഗത്തിലെന്ന് ധരിച്ചുവെക്കുകയും ചെയ്യുന്നു:

“അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പലകക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ”

“തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പല കക്ഷികളായി പിരിയുകയും ചെയ്ത കൂട്ടത്തിൽ ഓരോകക്ഷിയും തങ്ങളുടെ പക്കലുള്ളതുമായി സന്തോഷിക്കുന്നവരാണ്” (ക്വുർആൻ 30:32).

പ്രവാചകന്മാരോട് കൽപിച്ച പ്രധാന കൽപനകളിൽ ഐക്യത്തിനുള്ള ആഹ്വാനവും ഉണ്ടായിരുന്നു എന്നത് അതിന്റെ ഗൗരവവും മുൻഗണനയും വിളിച്ചോതുന്നു: “നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്‌റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം-നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്ന കാര്യം-അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു. ആ ബഹുദൈവവിശ്വാസികളെ നിങ്ങൾ ഏതൊരു കാര്യത്തിലേക്ക് വിളിക്കുന്നുവോ അത് അവർക്ക് വലിയ ഭാരമായി തോന്നിയിരിക്കുന്നു...” (ക്വുർആൻ 42:13).

പരസ്പരം പിണങ്ങിനിൽക്കുന്ന സത്യവിശ്വാസികൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുവാനും അവർക്കിടയിൽ നീതിപരമായ സമീപനം സ്വീകരിക്കാനും അല്ലാഹു നമ്മോടാവശ്യപ്പെടുന്നു. അത്തരം ആളുകളെ അല്ലാഹുവിന് വളരെയധികം ഇഷ്ടമാണെന്ന് സൂറത്തുൽ ഹുജുറാത്തിലെ 9-ാം വചനം നമ്മോട് പറയുന്നു.

വ്യക്തിപരമായി വിശ്വാസികളുടെ പിണക്കങ്ങളിൽ ഇടപ്പെട്ട് ഇണക്കമുണ്ടാക്കുന്നതിനും ക്വുർആൻ നമ്മെ പ്രേരിപ്പിക്കുന്നു.

“സത്യവിശ്വാസികൾ സഹോദരങ്ങൾ തന്നെ. അതിനാൽ നിങ്ങളുടെ രണ്ടുസഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം” (ക്വുർആൻ 49:10).

ഭിന്നിപ്പിനുള്ള കാരണം വേദജ്ഞാനമില്ലാത്തതോ മാർഗദർശനം ലഭിക്കാത്തതോ അല്ല. അത് ഒരു പൈശാചിക പ്രേരണയാലുണ്ടാകുന്നത് തന്നെയാണ്.

“നേരെത്തെ വേദം ലഭിച്ചവരിൽ ഭിന്നിപ്പുണ്ടായിട്ടുള്ളത് സുവ്യക്തമായ സന്മാർഗജ്ഞാനം അവർക്ക് വന്നുകിട്ടിയ ശേഷം മാത്രമാകുന്നു” (അൽബയ്യിന:4)

## ഐക്യം വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ

“മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു” (ക്വുർആൻ 2:213).

“(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക” (ക്വുർആൻ 3:64).

“ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചുകളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്” (ക്വുർആൻ 6:153).

മേൽ സൂചിപ്പിച്ച വചനങ്ങൾ എല്ലാം തന്നെ സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള, നീതിക്കും നന്മക്കും വേണ്ടി നിലകൊള്ളുന്ന ഒരു ഐക്യത്തിന് വേണ്ടിയാണ് വിശ്വാസികൾ പരിശ്രമിക്കേണ്ടതെന്ന് ആവശ്യപ്പെടുന്നു. വിശ്വാസികളുടെ ഐക്യത്തിന് പ്രചോദനം കേവലമായ ഭൗതികതാൽപര്യങ്ങളാകരുത്. അല്ലാഹുവിന്റെ കൽപന നിറവേറ്റുക എന്ന മഹത്തായ കാര്യമാണ് ഐക്യത്തിന്റെ പരിശ്രമത്തിലൂടെ നാം ചെയ്യുന്നത് എന്ന ബോധ്യം വിശ്വാസികൾക്ക് ഉണ്ടായിരിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമാണ് ഐക്യവും അതോടൊപ്പം അല്ലാഹുവിന്റെ തൃപ്തിയും സമാധാനവും നമുക്ക് ലഭിക്കുക.



## ധർമ നിഷേധികളുടെ ഐക്യം കാപട്യമാണ്, നിഷ്ഫലവും

അല്ലാഹുവിന്റെ ദീനിന്റെ മാർഗത്തിൽ തടസ്സം സൃഷ്ടിക്കുവാനും വിശ്വാസികളെ ഉന്മൂലനം ചെയ്യുവാനും പദ്ധതിയിടുന്ന ധിക്കാരികൾ വിശ്വാസികൾക്കെതിരെ കൃത്യമായ ഐക്യം ഉണ്ടാക്കിയെടുക്കുന്നുവെന്നതിൽ സംശയമില്ല. എന്നാൽ പ്രസ്തുത ഐക്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിഭാഗവും കാപട്യം ഹൃദയത്തിൽ സൂക്ഷിക്കുന്നവരും പരസ്പരം വൈരാഗ്യം പുലർത്തുന്നവരുമാണ്. അതുകൊണ്ട് തന്നെ അത്തരം കൂട്ടായ്മകളെ ഭയന്നുകൊണ്ട് വിശ്വാസികൾ തങ്ങളുടെ ഐക്യശ്രമങ്ങളിൽ നിന്ന് പിന്തിരിയേണ്ടതില്ല. സത്യനിഷേധികളുടെ കൂട്ടായ്മകൾ അത്യന്തികമായി നിഷ്ഫലമാണ് എന്ന് യാഥാർഥ്യം സത്യവിശ്വാസികൾ മനസ്സിലാക്കുന്നതിന് വേണ്ടി അല്ലാഹു പറയുന്നത് കാണുക.

"കോട്ടകെട്ടിയ പട്ടണങ്ങളിൽ വെച്ചോ മതിലുകളുടെ പിന്നിൽനിന്നോ അല്ലാതെ അവർ ഒരുമിച്ച് നിങ്ങളോട് യുദ്ധം ചെയ്യുകയില്ല. അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു. അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഭിന്നിപ്പിലാകുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായത് കൊണ്ടത്രെ അത്" (ക്വുർആൻ 59:14).

സത്യവിശ്വാസികൾക്കെതിരെ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിലയുറപ്പിച്ച വിഭാഗങ്ങളുടെ ആദർശവും വീക്ഷണവുമെല്ലാം വ്യത്യസ്തമാണെന്ന് മാത്രമല്ല പരസ്പരം കുടിപ്പക നിറഞ്ഞതുമാണ് എന്ന് കാണാൻ കഴിയും. ഇന്ത്യയിലെ നവഫാഷിസ്റ്റുകളുടെ കാര്യമെടുക്കുക. വർണവിവേചനത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ടും അവർണ വിഭാഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ടും അവരുടെ അഭിമാനത്തെ ചവിട്ടിമെതിച്ചുകൊണ്ടുമുള്ള നയങ്ങളാണ് ഉയർന്ന വിഭാഗം എന്ന് സ്വയം അഹങ്കരിക്കുന്നവർ സ്വീകരിക്കുന്നത്. ജാതിയുടെ പേരിൽ മതിലുകൾ തീർത്തും ക്ഷേത്രങ്ങളിലെ കാർമികത്വങ്ങളിൽ ദളിതർക്ക് വിലക്കേർപ്പെടുത്തിയും വർണാശ്രമ വ്യവസ്ഥ അതിന്റെ സ്വന്തം ശൈലിയിൽ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നു. സമത്വം എന്ന ഉന്നതമായ ആശയവും അതിന്റെ പ്രായോഗിക മാതൃകകളും ഇസ്‌ലാമിൽ കാണുമ്പോൾ മർദിതരായ ജനവിഭാഗം അതിലേക്ക് ആകർഷിക്കപ്പെടുകയും മാന്യമായി ജീവിക്കാനുള്ള തങ്ങളുടെ അവകാശത്തെകുറിച്ച് ബോധവാന്മാരാവുകയും ചെയ്യുന്നു. കാലാകാലങ്ങളായി തങ്ങളുടെ ജാതിമേൽക്കോയ്മ നഷ്ടപ്പെടും എന്ന് മനസ്സിലാക്കിയ വർഗീയ വാദികൾ പ്രതിസ്ഥാനത്ത് ഇസ്‌ലാമിനെ കാണുന്നത് സ്വാഭാവികം മാത്രം. അതുകൊണ്ട് തന്നെയാണ് ഇസ്‌ലാമിനെയും മുസ്‌ലിംകളേയും ഉൻമൂലനം ചെയ്യുക എന്നത് തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യമാക്കി ഫാഷിസ്റ്റുകൾ മുന്നോട്ടു പോകുന്നത്. അതിന് വേണ്ടി അവരുണ്ടാക്കിയ കൂട്ടായ്മകളിൽ ഉൾപ്പെട്ട ഓരോ വിഭാഗവും ജാതീയമായും വിശ്വാസപരമായും വളരെയധികം അകലം പാലിക്കുന്നവരാണ്. യഥാർഥത്തിൽ ഇസ്‌ലാമിനെതിരെയുള്ള ഓരോ നീക്കവും സമൂഹത്തിലെ മർദിതർക്കെതിരെയും ദുർബലർക്കെതിരെയുമുള്ള നീക്കങ്ങളാണെന്ന് ചിലരെങ്കിലും ഇന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടുണ്ട്.

### ഐക്യത്തിലേക്ക് മടങ്ങുക

ക്വുർആൻ വചനങ്ങളിലൂടെയും പ്രവാചകന്റെ വചനങ്ങളിലൂടെയും പ്രവാചകാനുയായികളുടെ ജീവചരിത്രത്തിലൂടെയും കണ്ണോടിക്കുമ്പോൾ നമുക്ക് കാണാൻ കഴിയും ഐക്യത്തിന്റെ പ്രാധാന്യം എത്രമാത്രമുണ്ടെന്ന്. അതുകൊണ്ട് തന്നെ ഐക്യത്തിനുവേണ്ടിയുള്ള മനസ്സ് ഓരോ വിശ്വാസിയും ഉണ്ടാക്കിയെടുക്കേണ്ടതാണ്. മറ്റുള്ളവരെ ഐക്യത്തിലേക്ക് പ്രേരിപ്പിക്കേണ്ടതുമാണ്. ഐക്യം തകർക്കുന്ന കപട വിശ്വാസികളുടെ കുതന്ത്രങ്ങളെ കരുതിയിരിക്കേണ്ടതാണ്. അഭിപ്രായവ്യത്യാസങ്ങൾ പ്രാമാണികമായി തീർക്കുവാൻ ശ്രമിക്കണം. തീരാത്തവയുണ്ടെങ്കിലും പൊതുവായ വിഷയങ്ങളിൽ ഐക്യപ്പെടുവാൻ വിമുഖത കാട്ടാതിരിക്കുക.

അനൈക്യത്തിൽ നിന്ന് മുതലെടുക്കുന്ന ഫറോവയുടെ പിൻഗാമികളെ തിരിച്ചറിയേണ്ടതും പ്രതിരോധിക്കേണ്ടതുമാണ്. പ്രധാനമായും നാം മനസ്സിലാക്കേണ്ട കാര്യം ഐക്യപ്പെടുന്നതിലൂടെ നാം അല്ലാഹുവിന്റെ കൽപന അനുസരിക്കുകയാണ് എന്നതാണ്. അതിലൂടെ അല്ലാഹു നമുക്ക് വാഗ്ദാനം ചെയ്ത വിജയങ്ങളും പ്രതിഫലങ്ങളും നമുക്ക് ലഭിക്കുക തന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ അല്ലാഹു അവന്റെ വാഗ്ദാനം ലംഘിക്കുകയില്ല.

"നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു" (ഷൂറ:10)

ബുസൈന മഖ്റാനി
വിവ: അർശദ് കാരക്കാട്

വിവർത്തനം




വിശുദ്ധ ക്വുർആനിനും അതിന്റെ മഹത്ത്വത്തിനും കീഴൊതുങ്ങുന്ന, പാരായണം ചെയ്യുമ്പോൾ കണ്ണിൽനിന്ന് കണ്ണുനീർ പൊഴിക്കുന്ന ഭക്തിസാന്ദ്രമായ, വിനീതമായ മനസ്സുകൾ നമ്മെ വിസ്മയിപ്പിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ നമ്മിൽ അധികമാളുകളും വർഷത്തിലൊരിക്കൽ, റമദാൻ മാസത്തിലല്ലാതെ വിശുദ്ധ ക്വുർആനെ സമീപിക്കുന്നില്ല. അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുന്ന സമയത്ത് ഒരു തുള്ളി കണ്ണുനീർ പോലും പൊഴിക്കാത്ത നിർജീവമായ മനസ്സുകളെയാണ് നാം കാണുന്നത്.

അല്ലാഹുവിന്റെ അത്ഭുതകഴിവുകളിൽ പെട്ടതാകുന്നു അവന്റെ വചനമെന്നത്. അത് നമ്മുടെ ഹൃദയങ്ങൾക്ക് കൈമാറിയിരിക്കുന്നു. ആ വചനങ്ങൾ കേട്ടുകഴിയുമ്പോൾ മനസ്സുകളെ സ്വാധീനിക്കുകയും കീഴ്പെടുത്തുകയും ചെയ്യുന്ന എന്തൊന്നില്ലാത്ത സ്വസ്ഥതയും ശാന്തതയും നാം അനുഭവിക്കുന്നു, നമുക്ക് ചുറ്റുമുള്ളതെല്ലാം സ്തബ്ധമാകുന്നു. നമ്മെ ഇല്ലാതാക്കുന്ന മോശമായ വിചാരങ്ങൾ വിട്ടുപോകുന്നു. തീർച്ചയായും, അസാധാരണ സ്വാധീനശക്തി വിശുദ്ധ ക്വുർആനിനുണ്ട്!

വിശുദ്ധ ഖുർആൻ പ്രയാസമനുഭവിക്കുന്ന മനസ്സുകൾക്ക് സമാധാനം നൽകുന്നു, ദുഃഖമനുഭവിക്കുന്നവരുടെ ദുഃഖങ്ങൾ നീക്കുന്നു. മനശ്ശാന്തി പ്രദാനം ചെയ്യുന്നു. പതിയെ പതിയെ മനസ്സിന്സ്വസ്ഥതയും സമാധാനവും പകരുന്നു. അവിശ്വാസികൾക്കുവരെ അതുകൊണ്ട് മനസ്സമാധാനം ലഭിക്കുന്നുവെങ്കിൽ വിശ്വാസികളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവിശ്വാസികളായിരുന്ന ധാരാളം പേർ ഇസ്‌ലാമിലേക്ക് വന്നതിന്റെ കാരണം വിശുദ്ധ ഖുർആൻ തന്നെയാണ്. അറബി ഭാഷയറിയാത്തവരെ പോലും അതിന്റെ പാരായണം കേൾക്കുമ്പോൾ വല്ലാതെ സ്വാധീനിച്ചിരുന്നു.

പാരായണം നടത്തുകയോ കേൾക്കുകയോ ചെയ്യുമ്പോഴേക്ക് നമ്മ സ്വാധീനിച്ച് കണ്ണിൽനിന്ന് കണ്ണുനീർ വീഴ്ത്താൻ കഴിയുന്നത് വിശുദ്ധ ഖുർആനിന്റെ സവിശേഷതയാണ്. അല്ലാഹു പറയുന്നു:

"ഈ ഖുർആനിനെ നാം ഒരു പർവതത്തിന്മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് (പർവതം) വിനീതമാകുന്നതും അല്ലാഹുവെപ്പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്കു കാണാമായിരുന്നു. ആ ഉദാഹരണങ്ങൾ നാം ജനങ്ങൾക്ക് വേണ്ടി വിവരിക്കുന്നു. അവർ ചിന്തിക്കുവാൻ വേണ്ടി"(ഖുർആൻ 59:21).

ഇതാണ് നിർജീവമായ വസ്തുക്കളുടെ അവസ്ഥയെങ്കിൽ, നിർജീവമായ ഏതെങ്കിലുമൊരു വസ്തുവല്ല, കൊടുങ്കാറ്റിൽ ഇളകാത്ത പർവതങ്ങളാണ് പേടിച്ച് വിറകൊള്ളുമെന്ന് പറയുന്നത്. അപ്പോൾ പിന്നെ മനുഷ്യരുടെ കാര്യം പറയേണ്ടതില്ലല്ലോ!

സ്വഹീഹ് ബുഖാരിയിൽ ഇപ്രകാരം കാണാവുന്നതാണ്: "അബൂബക്കർ﵁ തന്റെ വീടിന്റെ മുറ്റത്ത് ഒരു മസ്ജിദ് നിർമിക്കുകയും ജനങ്ങളിൽനിന്ന് അകന്ന് അവിടെ നമസ്കരിക്കുകയും ഖുർആൻ പാരായണം നടത്തുകയും ചെയ്യുമായിരുന്നു. ആ സമയം മുശ്‌രിക്കുകളായ സ്ത്രീകളും അവരുടെ കുട്ടികളും അവിടെ തടിച്ചുകൂടി അത്ഭുതത്തോടെ അദ്ദേഹത്തെ നോക്കുമായിരുന്നു. അബൂബക്കർ﵁ ഖുർആൻ പാരായണം ചെയ്താൽ കരയുമായിരുന്നു. പാരായണം ചെയ്യുമ്പോൾ തന്റെ കണ്ണിൽനിന്ന് ഉതിർന്നുവീഴുന്ന കണ്ണുനീർ അദ്ദേഹത്തിന് അടക്കിനിർത്താനാകുമായിരുന്നില്ല. സത്യനിഷേധികളായ നേതാക്കന്മാരെ ഇത് ഭയപ്പെടുത്തിയിരുന്നു."

ഖുർആനിന്റെ സ്വാധീനം എത്രത്തോളമുണ്ട് എന്നത് ഈ ഹദീഥിൽ നിന്ന് വ്യക്തമാണ്. സത്യനിഷേധികളായവർ അത്തരം ആളുകൾക്കിടിയിൽ നിന്ന് അകന്നുനിൽക്കുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടാൽ ഓടിയകലുകയും ചെയ്യുന്നില്ലായിരുന്നെങ്കിൽ, അവരെല്ലാം വിശുദ്ധ ഖുർആനിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടരാകുമായിരുന്നു.

ഈയൊരു പ്രതിഭാസം മനുഷ്യമനസ്സുകളെ വിറകൊള്ളിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ അസ്ഥികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആ അസാധാരണമായ വിറ നമ്മുടെ അവയവങ്ങളെയോ മനസ്സിനെയോ മാത്രമല്ല സ്വാധീനിക്കുന്നത്. മറിച്ച്, അതിനെല്ലാം അപ്പുറമാണ് അതിന്റെ സ്വാധീനം. അത് നമ്മെ ഭൂമിയിൽ വിനയാന്വിതരാക്കുകയും ചെയ്യുന്നു.



അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: നിങ്ങൾ ഇതിൽ (ഖുർആനിൽ) വിശ്വസിച്ച് കൊള്ളുക. അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക. തീർച്ചയായും ഇതിന് മുമ്പ് (ദിവ്യ) ജ്ഞാനം നൽകപ്പെട്ടവരാരോ അവർക്ക് ഇത് വായിച്ചു കേൾപിക്കപ്പെട്ടാൽ അവർ പ്രണമിച്ചുകൊണ്ട് മുഖം കുത്തി വീഴുന്നതാണ്" (ഖുർആൻ 17:107).

ജുബൈർ ബിൻ മുത്ഇം

പറയുന്നു: "നബിﷺ മഗ്‌രിബ് നമസ്‌കാരത്തിൽ ക്വുർആനിലെ 'ത്വൂർ' എന്ന അധ്യായം ഓതുന്നത് ഞാൻ കേൾക്കുകയുണ്ടായി. 'അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല. അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?' എന്ന വചനങ്ങളിൽ എത്തിയപ്പോൾ എന്റെ മനസ്സ് പാറിപ്പറക്കുകയാണോ എന്ന് തോന്നി."



അല്ലാഹുവിന്റെ പ്രവാചകന്റെ മേൽ അവതീർണമായ വിശുദ്ധ ക്വുർആൻ അന്ന് മുശ്‌രിക്കായിരുന്ന ജുബൈർ ബിൻ മുത്ഇമിന് പോലും പ്രത്യേകമായ ഒരു അനുഭൂതി മനസ്സിലുണ്ടാക്കി. തന്റെ മനസ്സ് പാറിപ്പറക്കുകയാണോ എന്ന് അദ്ദേഹത്തിന് അനുഭവപ്പെടുകയും ചെയ്തു. ഇത് ക്വുർആനിന്റെ ദൈവികതയുടെ അടയാളമാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം. അതുമുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. വല്ലവനെയും അവൻ പിഴവിലാക്കുന്ന പക്ഷം അവന് വഴി കാട്ടാൻ ആരും തന്നെയില്ല" (ക്വുർആൻ 39:23).

"റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ" (ക്വുർആൻ 5:83).

ഇതാണ് വിശുദ്ധ ക്വുർആനിനെ ഇതര ഗ്രന്ഥങ്ങളിൽ നിന്നും രചനകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. അല്ലാഹുവിന്റെ ദിവ്യവചനങ്ങൾ നമ്മെ വിറകൊള്ളിക്കുകയും ഹൃദയങ്ങളെ ചകിതമാക്കുകയും കരയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ദിവ്യവചനങ്ങളെ ഉപേക്ഷിക്കുകയെന്നത് നമുക്ക് യോജിച്ചതാണോ? പ്രത്യേകിച്ച്, ക്വുർആൻ കാരുണ്യവും ശമനവുമാണെന്ന് നാം മനസ്സിലാക്കിയിരിക്കെ!

ചിലർ തങ്ങളുടെ ദിനേനയുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയും അല്ലാഹുവിന്റെ വചനങ്ങൾ മനഃപാഠമാക്കുന്നതിൽ മുന്നേറുകയും അത് പാരായണം ചെയ്ത് പൂർത്തീകരിക്കുകയും അവന്റെ സൂക്തങ്ങളിലെ മുന്നറിയിപ്പുകളെ ഭയപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇതിനെതിരായി, അല്ലാഹുവിന്റെ വചനം ഒരു നിലയ്ക്കും സ്വാധീനിക്കാത്ത, നോവലുകളും ചിന്താപരമായ മറ്റു പുസ്തകങ്ങളും മാത്രം സ്വാധീനം ചെലുത്തുന്ന മറ്റൊരു വിഭാഗവുമുണ്ട്. ഒറ്റ രാത്രികൊണ്ട് വായിച്ചുതീർത്ത പുസ്തകങ്ങളുടെ കണക്കുകളിൽ അവർ അഭിമാനം കൊള്ളുകയും അല്ലാഹുവിന്റെ വചനത്തെ ഉപേക്ഷിക്കുകയും ചെയ്യുന്നു. അവസാനമായി അവർ വിശുദ്ധ ക്വുർആൻ തുറന്ന് നോക്കിയത് ഒന്നോ രണ്ടോ മാസം മുമ്പായിരിക്കും. അതുമല്ലെങ്കിൽ മാസങ്ങളായിക്കാണും. ലേഖനങ്ങൾ മറിച്ചുനോക്കിയും സാമൂഹ്യ മാധ്യമങ്ങളിൽ സമയം ചെലവഴിച്ചും പുസ്തകങ്ങൾ വായിച്ചാസ്വദിച്ചും അവർ രാത്രിയിൽ കഴിഞ്ഞുകൂടുന്നു. ഒരു നിമിഷമെങ്കിലും വിശുദ്ധ ക്വുർആൻ വായിച്ച് ചിന്തിക്കുന്നതിന് അവരുടെ ഹൃദയങ്ങൾ തുടിക്കുന്നില്ല. ഇത്തരക്കാരെ കുറിച്ച് വിശുദ്ധ ക്വുർആൻ പറയുന്നു:

"അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്‌ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?). എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ" (39:22).



(ക്വുർആൻ പാരായണത്തിലേക്ക്) വന്നെത്തിയതാണ്. താങ്കൾ പാരായണം തുടർന്നിരുന്നുവെങ്കിൽ അത് മാഞ്ഞുപോകുമായിരുന്നില്ല. ജനങ്ങൾ അത് നോക്കി നിൽക്കുമായിരുന്നു."

ഒരിക്കൽ പ്രവാചക സദസ്സിൽ ശുറൈഹ് ഹദറമി ﷺ സ്മരിക്കപ്പെട്ടു. ഇമാം നസാഈ റിപ്പോർട്ട് ചെയ്യുന്നു: "അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'ആ മനുഷ്യൻ ക്വുർആൻ തലയണയാക്കിയിരുന്നില്ല' (പാരായാണം ചെയ്യുമ്പോൾ ഉറങ്ങുമായിരുന്നില്ല).

എന്റെ പ്രിയ വായനക്കാരേ, നോവലുകളും വ്യത്യസ്തമായ മറ്റു പല പുസ്തകങ്ങളും വായിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകി, അവയുടെ ആസ്വാദനത്തിൽ മുഴുകുന്ന വിഭാഗമായി നിങ്ങൾ തീരരുത്. ഈ വായന ഉറക്കത്തിൽ നിന്ന് അവരെ തടഞ്ഞ് നിർത്തുന്നുവെങ്കിൽ, ക്വുർആൻ പാരായാണം അവരെ ഉറക്കത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. ഉറങ്ങാൻ സമയമുണ്ടായിട്ടും അവർ വിശുദ്ധ ക്വുർആനിന് മുന്നിൽ ഉറങ്ങുന്നു. അല്ലാഹു പറയുന്നു:

രാത്രിയിൽ അല്ലാഹുവിന് വിധേയപ്പെട്ട് ദിവ്യസൂക്തങ്ങൾ പാരായാണം ചെയ്യുന്ന ചിലയാളുകളെ കുറിച്ച് നാം കേൾക്കുന്നു. അതുപോലെ, സാഹിത്യ പുസ്തകങ്ങൾക്കും നവസാമൂഹ്യ മാധ്യമങ്ങൾക്കും വിധേയപ്പെട്ട് രാത്രിയെ തള്ളിനീക്കുന്ന ആളുകളെ കുറിച്ചും നമ്മൾ കേൾക്കുന്നു. എന്നാൽ, ഇത് നമ്മെ ഒരുപാട് സങ്കടപ്പെടുത്തുന്നു. രാത്രിയുടെ അന്ത്യയാമങ്ങളിൽ ക്വുർആൻ വചനങ്ങൾ പാരായണം ചെയ്യുന്നതിന്റെ മഹത്ത്വം നാം അറിഞ്ഞിരുന്നുവെങ്കിൽ!

ഉസൈദ് ബിൻ ഹുദൈർ ﷺ പറയുന്നു: "ഞാൻ രാത്രിയിൽ സൂറത്തുൽ ബക്വറ പാരായണം ചെയ്യുകയായിരുന്നു. അപ്പോൾ തല ഞാൻ ആകാശത്തേക്ക് ഉയർത്തി. മേഘങ്ങൾക്കിടയിൽ വിളക്കിൽനിന്നെന്ന പോലെ വെളിച്ചം! ഞാൻ പുറത്തേക്കിറങ്ങി. അപ്പോൾ അത് കാണുന്നില്ല. അല്ലാഹുവിന്റെ റസൂൽ ﷺ ചോദിച്ചു: 'അതെന്താണെന്ന് താങ്കൾക്കറിയാമോ?' ഞാൻ പറഞ്ഞു: 'ഇല്ല.' പ്രവാചകൻ ﷺ പറഞ്ഞു: 'അത്, മലക്കുകൾ നിന്റെ ശബ്ദത്തിലേക്ക്

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്'' (ക്വുർആൻ 20:124).

അല്ലാഹുവിന് നമ്മളെയോ, നമ്മൾ ഇബാദത്ത് ചെയ്യേണ്ടതിന്റെയോ ആവശ്യമില്ല. മറിച്ച് നമുക്കാണ് ആവശ്യമായി വരുന്നത്. അല്ലാഹുവിലേക്ക് അടുക്കുന്നതിന് അനുസരണയോടെ ആരാധനകൾ ചെയ്ത് നാം മുന്നേറേണ്ടതുണ്ട്. നമ്മെ അവിവേകികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താതെ, അനുസരിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയ അവന്റെ അനുഗ്രഹത്തിന് നാം നന്ദി കാണിക്കേണ്ടതുമുണ്ട്. അവനോട് സഹായം ചോദിക്കുകയും അവൻ നൽകിയ അനുഗ്രഹങ്ങൾക്കെല്ലാം നന്ദി കാണിക്കുകയും ചെയ്യുക.

അല്ലാഹു പറയുന്നു: 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു' (ക്വുർആൻ 1:5).

അല്ലാഹുവിനോട് സഹായം ചോദിക്കുമ്പോൾ വിജയത്തിന്റെയും എളുപ്പത്തിന്റെയും വാതിലുകൾ നമുക്ക് മുന്നിൽ തുറക്കപ്പെടുകയാണ് ചെയ്യുന്നത്.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 175

**ഒന്നാം സമ്മാനം:**
Aneesha.M.C, Appathan Kattil House, Podippara, Kallekkad PO, Palakkad

**രണ്ടാം സമ്മാനം:**
Mahaboob P.K, V.P House, Thottiyanpara, Ayikkarapadi P.O, Malappuram

**മൂന്നാം സമ്മാനം:**
Fathima Muhammad VP, Oman

ശമീർ മദീനി
shameermadeeni@gmail.com

# ക്വുർആൻ പാരായണവും പഠനവും റമദാനിനു ശേഷം?

**"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (ക്വുർആൻ 17:9).**

ലോകരക്ഷിതാവായ അല്ലാഹു സർവമനുഷ്യർക്കും മാർഗദർശനവും സത്യാസത്യ വിവേചകവുമായി അവതരിപ്പിച്ച അവന്റെ മഹത്തായ ഗ്രന്ഥമത്രെ വിശുദ്ധക്വുർആൻ. നാം എങ്ങനെ ജീവിക്കണമെന്നും എന്തായിരിക്കണം നമ്മുടെ ആദർശവും ലക്ഷ്യവുമെന്നുമൊക്കെ ക്വുർആൻ നമ്മോട് സംസാരിക്കുന്നുണ്ട്. നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന, നമുക്ക് വേണ്ടതൊക്കെയും ഇവിടെ സംവിധാനിച്ച പരമകാരുണികനായ പടച്ചറബ്ബിന്റെ വചനങ്ങൾ നമ്മുടെ മുമ്പിലുണ്ടായിട്ട് അതിനെയൊന്ന് അടുത്തറിയാനും മനസ്സിലാക്കുവാനും നാം ശ്രമിച്ചിട്ടുണ്ടോ?

ഇല്ലെങ്കിൽ നാം ഖേദിക്കേണ്ടിവരുമെന്ന് ക്വുർആൻ തന്നെ നമ്മെ താക്കീത് ചെയ്യുന്നു. പരലോകത്തുവെച്ച് റസൂൽﷺ അത്തരക്കാർക്കെതിരെ റബ്ബിനോട് സാക്ഷി പറയും. വിശുദ്ധ ക്വുർആൻ ഉണർത്തുന്നു: "(അന്ന്) റസൂൽ പറയും: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ക്വുർആനിനെ അഗണ്യമാക്കിതള്ളിക്കളഞ്ഞിരിക്കുന്നു" (25:30).

ക്വുർആനിൽ നിന്ന് നാം എത്രകണ്ട് അകലുന്നുവോ അത്രകണ്ട് പിശാചായിരിക്കും നമ്മോട് അടുക്കുക എന്നതോർക്കുക. അല്ലാഹു പറയുന്നു: "പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തിക്കൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും" (43:36).

മുൻ വേദഗ്രന്ഥങ്ങളുടെ വക്താക്കൾ അത് പഠിക്കുവാനും അതനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താനും സന്നദ്ധമാവാതിരുന്നപ്പോൾ അല്ലാഹു അതിനിശിതമായി അവരെ വിമർശിച്ചിട്ടുണ്ട്. 'അത്തരം ഗ്രന്ഥം ചുമക്കുന്ന കഴുതകളെപ്പോലെ' നാമാകാതിരിക്കാൻ റബ്ബിന്റെ വചനങ്ങളാകുന്ന ക്വുർആൻ നാം പഠിക്കുക. തീർച്ചയായും അത് നന്മയിലേക്ക് നമ്മെ വഴിനടത്തും.

സ്രഷ്ടാവിന്റെ കരുണനിറഞ്ഞ സന്ദേശങ്ങളാണ് ക്വുർആനിലെന്ന് തിരിച്ചറിഞ്ഞ് അതിനെ സമീപിക്കുമ്പോൾ തീർച്ചയായും ക്വുർആൻ നമ്മുടെ വേദനകൾക്ക് ആശ്വാസവും വിഷമതകൾക്ക് സാന്ത്വനവുമാകുമെന്നതിൽ സംശയമില്ല. "സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു..." (17:82).

ക്വുർആനിന്റെ ചരിത്ര വിവരണവും സന്തോഷവാർത്തകളും ക്വുർആൻ വരച്ചുകാണിക്കുന്ന ആദർശവും വിശ്വാസികളുടെ മനംകുളിർപ്പിക്കാതിരിക്കില്ല. ജീവിതത്തിലെ ഏത് പ്രതിസന്ധികളിലും ക്വുർആൻ തികഞ്ഞ ആശ്വാസവും പ്രകാശവുമായി വർത്തിക്കുമെന്നാണ് അനുഭവങ്ങൾ ഓർമപ്പെടുത്തുന്നത്.

ക്വുർആൻ പഠിക്കാനായി നാം ചെലവഴിക്കുന്നയാതൊന്നും നമുക്ക് നഷ്ടമാകില്ലെന്ന് അറിയുക. മരണം വന്നെത്തുന്നതിനുമുമ്പ് നമ്മുടെ രക്ഷാമാർഗമായി റബ്ബ് അവതരിപ്പിച്ച ക്വുർആൻ പഠിക്കുവാൻ നാം തയ്യാറടെക്കുക. നബിﷺ പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുന്നവരും അത് മറ്റുള്ളവരെ പഠിപ്പിക്കുന്നവരുമാകുന്നു" (ബുഖാരി).

ക്വുർആൻ പാരായണവും പഠനവും റമദാനിൽ മാത്രം ഒതുക്കാതിരിക്കുക. എന്നും അതിനായി ഒരു നിശ്ചിത സമയം കണ്ടെത്തുക.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.


# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം

zameel
the soulmate

വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക.




Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MAY 23

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

GREEN VALLEY PUBLIC SCHOOL
ADMISSION STARTED
[2020-2021]

LKG to VIII
STANDARD